കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തഴവ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

**e-mail doklm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ. - കെ എൽ. എം /പി8/1017/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി-05/09/2019.

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

തഴവ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- തഴവ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തഴവ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചാത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. - കെ എൽ. എം /പി18/1017/2019 തീയതി: 05/09/2019

**കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 13-06-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ .കെ , ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.06.2019 മുതൽ 01.07.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി അജി.കെ.എസ്. | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീമതി സോണിയ ജെ.സെബാസ്റ്റ്യൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ജമീല ബീവി.എം | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി എസ്. ശ്രീലത | 01-04-2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. ഷാനവാസ്.എ | 01-04-2018 മുതൽ 31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീ. ജോൺ ഗോട്ടിക് ഗ്രീക്ക് | 01-04-2018 മുതൽ 14.03.2019 വരെ |
| | ശ്രീ. റംഷാദ് എ | 15.03.2019 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. പ്രമോദ് | 01-04-2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. ബിന കണ്ടപ്പശ്ശേരി | 01-04-2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ. ഷഹന | 01-04-2018 മുതൽ 01.07.2018 വരെ |
| | ഡോ. ജാസ്മിൻ | 02.07.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി റോസലിന്റ് ആർ | 01-04-2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ശ്രീമതി ജസീന എ | 01-04-2018 മുതൽ 31.03.2019 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി പത്മജ ദേവി | 01-04-2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി ശോഭകുമാരി | 01-04-2018 മുതൽ 31.03.2019 വരെ |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 1) | ശ്രീ. ദിനേഷ് എം.ജി | 01-04-2018 മുതൽ 26.02.2019 വരെ |
| | ശ്രീ. ചന്ദ്രപ്പൻ | 27.02.2019 മുതൽ 31.03.2019 വരെ |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ദിനേഷ് എം.ജി | 01.04.2018 മുതൽ |

| | | |
|---|---|---|
| (സർക്കിൾ 2) | | 15.08.2018 വരെ |
| | ശ്രീ. ചന്ദ്രപ്പൻ | 16.08.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് . സൂപ്പർവൈസർ | ശ്രീമതി ഷീബ | 01-04-2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | രസീതുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 2-1 |
| 14 | അംഗീകരിച്ച അടിസ്ഥാന നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു -പ്രതിവർഷ നഷ്ടം 16,921/- രൂപ | 2-2 |
| 15 | അനധികൃത നിർമ്മാണങ്ങൾ അസ്സസ്സ് ചെയ്ത് നികുതി ഈടാക്കിയിട്ടില്ല. | 2-3 |
| 16 | തൊഴിൽനികുതി , സ്ഥാപനതൊഴിൽനികുതി - ഈടാക്കാൻ അവശേഷിക്കുന്നു. | 2-4 |
| 17 | പെർമിറ്റ് വ്യതിചലിച്ച് നിർമ്മാണം -രാജിയാക്കൽ ഫീസ് ഈടാക്കിയില്ല. | 2-5 |
| 18 | അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള ഇളവുകളും / വർദ്ധനവും ശരിയായി ഉൾപ്പെടുത്തുന്നില്ല. | 2-6 |
| 19 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. | 2-7 |
| 20 | തറവിസ്തീർണം പൂർണമായി ഉൾപ്പെടുത്താതെ വസ്തുനികുതി നിർണയിച്ചു. | 2-8 |
| 21 | ക്രമവത്കരണം-പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. | 2-9 |
| 22 | കാലാവധി കഴിഞ്ഞ നിക്ഷേപങ്ങൾ - തനത് ഫണ്ടിൽ | 2-10 |

| | | |
|---|---|---|
| | മുതൽ കൂട്ടേണ്ടതാണ്. | |
| 23 | ലേലം – മാർക്കറ്റ് ഫീസ് വരവില്ല | 2-11 |
| 24 | കെട്ടിട നിർമ്മാണ പെർമിറ്റ് -അവലോകനം | 2-12 |
| 25 | കെട്ടിട നമ്പർ - നിരസിക്കുന്ന അപേക്ഷകളിൻമേൽ ഉചിതമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 2-13 |
| 26 | ഡി&ഒ ലൈസൻസ് ഫീസ്-റേഷൻ റീട്ടെയിൽ ഡിപ്പോകളിൽ നിന്ന് ഈടാക്കിയിട്ടില്ല. | 2-14 |
| | ഭാഗം 3 | |
| 27 | കാർഷിക ഉപകരണങ്ങളുടെ കൈമാറ്റം-വ്യവസ്ഥകൾ പാലിക്കുന്നില്ല പ്രോജക്ട്-തെങ്ങ്കയറ്റ യന്ത്രം നൽകലും പരിശീലനവും | 3-1 |
| 28 | കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ ഒഴിവാക്കിയതിലൂടെ 6000/-രൂപ നഷ്ടം | 3-2 |
| 29 | വിശദമായ വിനിയോഗ രേഖകളില്ല, എസ്.എസ്.എ പദ്ധതിയുടെ ചെലവു തുക - തടസ്സപ്പെടുത്തുന്നു. | 3-3 |
| 30 | മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല | 3-4 |
| 31 | ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല, ആദ്യ ഗഡു - 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-5 |
| 32 | ഗുണമേന്മയില്ലാത്ത വിത്ത് വിതരണം ചെയ്തു, | 3-6 |
| 33 | ലൈഫ് ഭവന പദ്ധതി -അവലോകനം | 3-7 |
| 34 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം | 3-8 |
| 35 | പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 3-9 |
| 36 | കേരള വാട്ടർ അതോറിറ്റിക്ക് 8,61,453/- രൂപ വെള്ളക്കരം കുടിശ്ശിക | 3-10 |
| 37 | പേറിവിഷൻ അരിയർ - തുക ക്രമീകരിക്കേണ്ടതാണ്. | 3-11 |
| 38 | തെരുവുവിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 3-12 |
| 39 | പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 3-13 |
| 40 | പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. | 3-14 |
| 41 | അളവു പുസ്തകത്തിൽ യഥാർത്ഥ അളവുകൾ രേഖപ്പെടുത്തുന്നില്ല. | 3-15 |
| 42 | അഗതിരഹിത കേരളം – രജിസ്റ്ററുകളും രേഖകളും അപൂർണം | 3-16 |
| 43 | ഗാർഹിക കുടിവെള്ള കണക്ഷൻ – സബ്സിഡി അധികം നൽകി | 3-17 |
| 44 | യോഗാ പരിശീലനം – പരിശീലനാർത്ഥികളുടെ വിവരം സൂക്ഷിച്ചിട്ടില്ല. | 3-18 |
| 45 | ഒരേ പ്രവർത്തിക്ക് രണ്ട് പദ്ധതികളും രണ്ട് ടെണ്ടറുകളും | 3-19 |
| 46 | കുടിവെള്ള പദ്ധതി നിർമ്മാണം ആരംഭിച്ചിട്ടില്ല. | 3-20 |
| 47 | ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-21 |
| | ഭാഗം 4 | |
| 48 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 49 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 51 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 52 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 53 | ഓഡിറ്റ് റിക്കവറി | 4-6 |
| 54 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 55 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 56 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 57 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 58 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 59 | പത്രികകൾ | അനുബന്ധം-2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

28-03-2018 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 14.02.2019 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 27,79,96,348/- രൂപയും ചെലവ് 27,24,25,000/- രൂപയുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-19 | 17-05-19 | ------- | ------ |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17-06-2019 & 18-06-2019 | റിപ്പോർട്ടിനൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,67,60,456/- |
| വരവ് | 13,06,88,880/- |
| ആകെ | 15,74,49,336/- |
| ചെലവ് | 13,17,71,897/- |
| നീക്കിയിരിപ്പ് | 2,56,77,439/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 2,80,66,782 | 2,80,66,782 | 2,62,91,480 | 17,75,302 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 90,07,000 | 90,07,000 | 84,79,732 | 5,27,268 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 1,24,666 | 1,24,666 | 0 | 1,24,666 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 93,73,000 | 93,73,000 | 91,47,164 | 2,25,836 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 61,14,000 | 61,14,000 | 57,28,958 | 3,85,042 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 1,28,62,000 | 1,28,62,000 | 1,13,40,045 | 15,21,955 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 307 | 0 | 307 | 33 | 274 |
| ദുരിതാശ്വാസനിധി | | 17676 | 1755 | 19431 | 0 | 19431 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 6,02,78,000 | 6,02,78,000 | 6,02,78,000 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 8,747 | 5,71,710 | 5,80,457 | 5,73,857 | 6,600 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 31,650 | 71,94,857 | 72,26,507 | 63,32,500 | 8,94,007 |
| | ജില്ലാ പഞ്ചായത്ത് | 4,490 | 76,66,834 | 76,71,324 | 53,81,100 | 22,70,824 |
| ബി ഫണ്ട് | | 0 | 3,15,360 | 3,15,360 | 3,15,360 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | ട്രഷറി അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് കൊല്ലം ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് | 37,53,662 | 87,29,515 | 1,24,83,177 | 59,51,973 | 65,01,058 |
| | എസ്.ബി.ഐ. ഇ -പേമെന്റ് | 25,100 | 25,73,208 | 25,98,308 | 32,698 | 25,65,610 |
| | ട്രഷറി അക്കൗണ്ട് | 2,28,62,854 | 1,96,75,804 | 4,25,38,658 | 2,92,56,908 | 1,32,81,750 |
| എസ്.ബി.ടി.സുനാമി | | 6,920 | 245 | 7,165 | 0 | 7,165 |
| എസ്.ബി.ഐ.ലൈഫ് | | 0 | 2,29,72,213 | 2,29,72,213 | 2,29,40,089 | 32,124 |
| മറ്റിനം Cash in hand | | 49,050 | 98,596 | 147,646 | 49,050 | 98,596 |

<u>കുറിപ്പ് :-</u>

1)സംയുക്ത പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയിൽ 19,400/-രൂപ തിരിച്ചടച്ചിട്ടുണ്ട്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 230 | 20,40,07,560 | 147 | 10,43,15,643 | 69 | 14 | 66 |

<u>നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിചെലവ് വിവരങ്ങൾ</u>

2018-19 വർഷം വിവിധ ഫണ്ടുപയോഗിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളിലൂടെയുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 26 | 17 | 2,21,54,415 | 43,99,532 | 19.85 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 132 | 71 | 6,54,32,957 | 2,93,29,502 | 44.82 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 57,18,450 | 30,73,159 | 53.74 |
| കൃഷിഓഫീസർ | 9 | 9 | 82,58,731 | 74,33,440 | 90 |
| വെറ്റിനറി സർജൻ | 6 | 6 | 40,87,500 | 20,81,938 | 50.93 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 6 | 3 | 17,37,795 | 7,95,525 | 45.77 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 5 | 5 | 19,20,000 | 18,12,400 | 94.4 |
| വില്ലേജ് എക്സ്റ്റൻഷൻ ഒാഫീസർ | 17 | 11 | 7,99,63,000 | 4,23,77,442 | 52.99 |
| ഹെഡ്മാസ്റ്റർ | 8 | 6 | 29,80,000 | 19,56,099 | 65.64 |

| | | | | | |
|---|---|---|---|---|---|
| എെ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9 | 1,04,54,712 | 95,56,606 | 91.4 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 15,00,000 | 15,00,000 | 100 |

ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും ഉല്പാദന, സേവനമേഖലയുടെ വളർച്ചയ്ക്കും ലഭ്യമായ തുകയാണ് ഉപയോഗപ്പെടുത്താതിരുന്നത്. നടപ്പിൽ വരുത്തുവാൻ കഴിയുന്ന പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ കഴിയാതിരുന്നതിനാലാണ് ഗ്രാമപഞ്ചായത്തിന് മേൽ സൂചിപ്പിച്ച പ്രകാരം പദ്ധതിപ്പണം തൻവർഷം ഉപയോഗപ്പെടുത്താൻ കഴിയാതെ പോയത്. കൂട്ടായ പ്രവർത്തനത്തിലൂടെ പരമാവധി ധനവിനിയോഗം ഉറപ്പ് വരുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8,747 | 5,71,710 | 5,80,457 | 5,73,857 | 6,600 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 6,02,78,000 | 6,02,78,000 | 6,02,78,000 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,15,360 | 242 |
| കർഷകതൊഴിലാളി പെൻഷൻ | 1,12,75,600 | 919 |
| വിധവാപെൻഷൻ | 2,14,85,200 | 1,864 |
| വാർദ്ധക്യകാല പെൻഷൻ | 3,22,78,900 | 3,004 |
| വികലാംഗപെൻഷൻ | 80,60,700 | 634 |
| | | |

| | | |
|---|---|---|
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ അമ്മമാർക്കുള്ള പെൻഷൻ | 7,20,800 | 6 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 3,30,000/- | 11 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-06-2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,686/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകുന്നുണ്ട്. ക്യാഷും ബാങ്കുമായുള്ള നിയന്ത്രണം കൃത്യമായി പാലിച്ചുവരുന്നുണ്ട്. പണം സ്വീകരിക്കുന്നതിനും ഡെപ്പോസിറ്റ് ചെയ്യുന്നതിനും കണക്ക് സൂക്ഷിക്കുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ്വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നിരുന്നാലും പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം തൃപ്തികരമല്ല. ഔട്ട് ഡോർ കളക്ഷനായി ഉപയോഗിക്കുന്ന മാന്വൽ രസീതു ബുക്കുകളിൽ സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ ബാക്കിവരുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ട്. സാംഖ്യ രസീതുകളും മാന്വൽ രസീതുകളും ഗൗരവതരമായി കൈകാര്യം ചെയ്യുന്നില്ല. രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നത് തൃപ്തികരമായല്ല. ഇഷ്യൂ ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷം അവസാനിച്ചാൽ തിരികെ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നില്ല. പെർമിറ്റ് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല. അപൂർണമായാണ് സൂക്ഷിച്ചിരിക്കുന്നത്. കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നു. വരവ് -ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല. വസ്തു നികുതി നിർണയത്തിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ അസ്സസ്സ് ചെയ്യുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സിൽ നിന്ന് തൊഴിൽ നികുതി

ഈടാക്കുന്നതിൽ കൃത്യതയില്ല. എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. കുടിവെള്ള ടാപ്പുകൾ, തെരുവുവിളക്കുകൾ എന്നിവ സംബന്ധിച്ച് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. ഗ്രാമസഭ മിനിറ്റ്സുകൾ പൂർണമാക്കി മിനിട്ട്സ് ബുക്കുകൾ സൂക്ഷിക്കുന്നതിൽ ചുമതലയുള്ള ഉദ്യോഗസ്ഥർ വീഴ്ചവരുത്തിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകുന്നുവെങ്കിലും, കൃത്യമായി മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ ഉത്തരവാദിത്തം നിർവഹിക്കുന്നതിൽ വീഴ്ചവരുത്തുന്നുണ്ട്. ആയതിനാൽ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടേണ്ടതുണ്ട്.

ഫ്രണ്ട്ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ യോഗം മാസത്തിലൊരു തവണയെങ്കിലും കൂടേണ്ടതും ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് പ്രസ്തുത യോഗത്തിൽ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് അവതരിപ്പിക്കേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പരിപാടി തയ്യാറാക്കി മിനിട്ട്സിൽ രേഖപ്പെടുത്തുകയും പ്രസ്തുത വിവരം ഭരണസമിതിയെ അറിയിക്കുകയും വേണം. എന്നാൽ ഫ്രണ്ട്ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനുള്ള യോഗങ്ങൾ ഒന്നും തന്നെ കൂടിയിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡയറിയിൽ തപാൽ നം, അപേക്ഷകന്റെ പേര് എന്നീ വിവരങ്ങളോടൊപ്പം സേവനത്തിന്റെ സ്വഭാവം,സേവനം ലഭ്യമാക്കേണ്ട സെക്ഷന്റെ വിശദാംശം , ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അപേക്ഷ തിരികെ ലഭിച്ച തീയതി , സേവനം ലഭിച്ച തീയതി, കൈപ്പറ്റുന്ന ആളുടെ പേര് , ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം. പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടെന്നുറപ്പാക്കാൻ ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി പരിപാലിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട്ഓഫീസ് ഡയറി അപൂർണമാണ്. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവോയെന്ന് പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

പ്രോക്യൂർമെന്റ് കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. മൂന്ന് തവണ കമ്മറ്റി കൂടിയെങ്കിലും രണ്ട് യോഗങ്ങളിലും വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വിവിധ വാങ്ങലുകളിൽ നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് വാങ്ങുന്നതിന് അതാത് നിർവഹണഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.05.2019 – 23.05.2019 | 02/19, 03/19 | 23.05.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-03-2016 | 2011-12 മുതൽ 2015-16 വരെ | 05-07-2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1) കെ.എസ്.ഇ.ബി.യിൽ 3,43,617/- രൂപയും വാട്ടർ അതോറിറ്റിയിൽ 3,40,000/- രൂപയും, പി.ഡബ്ല്യൂ.ഡി.ബിൽഡിംങ് വിഭാഗത്തിൽ 19,60,000/- രൂപയും ഡെപ്പോസിറ്റ് വർക്കിനായി നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ (RP-47, B-18) കെ.എസ്.ഇ.ബി.യിലും വാട്ടർ അതോറിറ്റിയിലും ഡെപ്പോസിറ്റ് ചെയ്ത തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. പി.ഡബ്ല്യൂ.ഡി.യിൽ ഡെപ്പോസിറ്റ് ചെയ്ത 19,60,000/- രൂപയിൽ 11,76,000/- രൂപയേ ഉൾപ്പെടുത്തിയിട്ടുള്ളൂ. (RP-47,B-18).

2) ഓക്ഷൻ ഡെപ്പോസിറ്റ് ഹെഡിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന 16,000/- രൂപ മാർക്കറ്റ് റസീപ്റ്റ് അഡ്വാൻസ് ഇനത്തിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

3) ഓക്ഷൻ ഡെപ്പോസിറ്റ് – രജിസ്റ്റർ പ്രകാരമുള്ള വരവ്-ചെലവുകൾ എ.എഫ്.എസ്. ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി 28,650/- രൂപ റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് – RP-1 ൽ ഉൾപ്പെടുത്തിയിട്ടില്ല.

5) വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം 3,30,000/- രൂപ റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് RP-7 ൽ ഉൾപ്പെടുത്തിയിട്ടില്ല.

6) ഐ.സി.ഡി.എസ്.വരവ് തുക ലഭ്യമാക്കിയ രേഖകൾ പ്രകാരം 15,95,300/- രൂപയും വാർഷികധനകാര്യപത്രിക പ്രകാരം (RP-31) 15,70,650/- രൂപയുമാണ്.

7) ടോട്ടൽ സാനിട്ടേഷൻ വരവ്-ചെലവ് തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. (എ.എഫ്.എസിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.)

8) 'Movable asset others' - എന്ന ഹെഡിൽ ആസ്തിയായി വാഹനം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.

9) ബാലൻസ് ഷീറ്റ് B3 ഷെഡ്യൂൾ പ്രകാരം ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ തനത്ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് 3,21,26,117/- രൂപ ചെലവഴിച്ചതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

10) ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 2015-16 മുതൽ അവശേഷിക്കുന്ന 5,000/-രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

11) പെട്രോൾ ചാർജ്, കറന്റ് ചാർജ്,വാട്ടർ ചാർജ്-എന്നീ ഇനങ്ങളിൽ തൻവർഷത്തെ ചെലവുകൾ അടുത്ത സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിനു B-9 ൽ പ്രൊവിഷൻ നൽകിയിട്ടില്ല.

12) വസ്തുനികുതി- ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

13) വസ്തുനികുതി- സാംഖ്യ, സഞ്ചയ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

14) ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ആസ്തിയുടെ മൂല്യം ബോധ്യപ്പെട്ടിട്ടില്ല.

15) സ്റ്റോക്ക് രജിസ്റ്റർ വാല്യുബേസ്ഡ് ആക്കി സൂക്ഷിച്ചിട്ടില്ല.

## ABSTRACT OF DEFECTS/DISCREPANCIES

1. Rs. 3,43,617/- and Rs. 3,40,000/- deposited for deposit work in KSEB and KWA respectively are not included in the RP-47 and B-18 schedules. The amount deposited in PWD – building is Rs.19,60,000/- but the amount included in RP – 47 and B-18 schedule is Rs.11,76,000/- only.

2. A Sum of Rs. 16,000/- is posted in ‘ Market receipt Advance ’ head instead of posting’ under ‘Auction deposit’ head.

3. The receipt and payment amount of auction deposit do not agree with the register.

4.The profession Tax of GramaPanchayath employees Rs.28,650/- is not included in Receipt and Payment schedule (RP -1)

5. The ‘ marriage allowance of widows daughters marriage’ Rs. 3,30,000/- is not included in Receipt and Payment Schedule.(RP -7)

6. The receipt amount of ICDS as per register is Rs. 15,95,300/- but it is included as Rs. 15,70,650/- in the RP-31 schedule.

7. The accuracy of receipt and payment amount o total sanitation account is not convinced.

8. No depreciation is taken for the asset, GramaPanchayth vehicle, which is included in movable asset others (B-11 schedule)

9. As per the B3-schedule, there is an expense of Rs.32,126,117/- from maintenance grant/own fund for capital contribution. No details were provided.

10. The remaining festival advance of Rs.5000/- from 2015-2016 onwards is not regularised.

11. No provision is made in the B-9 schedule for spending of the Current year expense (current charge, water charge, petrol charge) in the next year.

12. The demand, Collection, balance amount of property tax shown in the AFS do not agree.

13. The Saankya and Sanchaya amount of property tax do not agree.

14. As the asset register is not updated the value of assets are not convinced.
15. The value based stock register is not maintained.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

ജി.ഒ(എം.എസ്) നമ്പർ 83/11/എൽ.എസ്.ജി.ഡി, 28.03.2011 ലെ അദ്ധ്യായം 8.83 പ്രകാരം സ്ഥാപനത്തിൽ രസീത്ബുക്ക് ലഭിച്ച ഉടനെ രസീതുകളുടെ എണ്ണം തിട്ടപ്പെടുത്തിയശേഷം നമ്പറിടുകയും സ്റ്റോക്ക് ബുക്കിൽ എഴുതിച്ചേർക്കുകയും ചെയ്യേണ്ടതാണ്. പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം രേഖപ്പെടുത്തി സെക്രട്ടറിയോ അക്കൗണ്ടന്റോ ഇക്കാര്യത്തിനുവേണ്ടി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ രസീതു ബുക്കിൽ ഒപ്പുവയ്ക്കേണ്ടതാണ്. രസീത് ബുക്കുകൾ ഇഷ്യൂചെയ്യുന്നത് അവയുടെ നമ്പർ ക്രമത്തിലായിരിക്കണം. സ്റ്റോക്ക് ബുക്കിൽ രസീത് ബുക്ക് ലഭിച്ച ഉദ്യോഗസ്ഥൻ ഒപ്പിടുകയും ചെയ്യേണ്ടതാണ്. ഒരു സാമ്പത്തികവർഷം അവസാനിച്ചാൽ ആ സാമ്പത്തിക വർഷം ഉപയോഗിച്ചിരുന്ന രസീതുബുക്കുകളിൽ ഉപയോഗിക്കാതെ ബാക്കിവരുന്ന രസീതുകൾ റദ്ദ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.ഒഴിവാക്കാനാകാത്ത സന്ദർഭങ്ങളിലൊഴികെയുള്ള എല്ലാ അവസരങ്ങളിലും ലഭിച്ച രസീത് പൂർണ്ണമായും ഉപയോഗിച്ചു തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്ക് നൽകാൻ പാടില്ലാത്തതാണ്. പുതിയ രസീത് ബുക്ക് നൽകുകയാണെങ്കിൽ കാരണം വ്യക്തമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ തഴവ ഗ്രാമപഞ്ചായത്തിലെ രസീതുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

### 1)രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ.

2018-2019 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി മാന്വൽ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ലെന്നും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ആയത് പരിശോധിക്കുന്നില്ലെന്നും ബോധ്യമായി. 19.6.19 ൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 27.3.19 ൽ 50099-ാം നമ്പർ രസീത് ബുക്ക് ഇഷ്യൂ ചെയ്തതിന് ശേഷം ഒരു രസീത് ബുക്ക്(500100) അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭൗതിക പരിശോധനയിൽ രസീതു ബുക്കുകൾ ഒന്നും തന്നെ അവശേഷിക്കുന്നതായി കണ്ടില്ല. 22.5.19 ൽ 500100-ാം നമ്പർ രസീത് ബുക്ക് 1 മുതൽ 19 വരെയുള്ള രസീതുകൾ പിഴയിനത്തിലെ തുക സ്വീകരിക്കുന്നതിനായി ഉപയോഗിച്ച് കാണുന്നു. 2018-2019 സാമ്പത്തിക വർഷത്തിന്റെ അവസാനം ശേഷിച്ചിരുന്ന ടി ബുക്ക് അടുത്ത സാമ്പത്തികവർഷം ഉപയോഗപ്പെടുത്തിയതായി കാണുന്നു. രസീത് ബുക്കുകൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥർ സ്റ്റോക്ക് രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തണമെന്നുള്ള നിബന്ധന നിർബന്ധമായും പാലിക്കുന്നില്ല. 9244300മുതൽ 9244500 വരെ , 9243001 മുതൽ 9244500 വരെ എന്നീ നമ്പറിലുള്ള സാംഖ്യ സ്റ്റേഷനറികൾ സ്വീകരിച്ച വ്യക്തിയുടെ ഒപ്പ് രേഖപ്പെടുത്തുകയോ ഉദ്യോഗസ്ഥർക്ക് ഏതു തീയതിയിൽ ഇഷ്യൂ ചെയ്തെന്നുള്ള വിവരങ്ങളോ രേഖപ്പെടുത്തിയല്ല സാംഖ്യ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്.സാമ്പത്തിക വർഷാവസാനം ബന്ധപ്പെട്ട

അധികാരികൾ ക്ലോസിംഗ് സ്റ്റോക്ക് ഭൗതികമായി പരിശോധിച്ച് വേണ്ട രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

**2)2017-2018 സാമ്പത്തിക വർഷം ഇഷ്യൂ ചെയ്ത രസീത് ബുക്കുകൾ സാമ്പത്തിക വർഷം അവസാനിച്ച് രണ്ട് വർഷമായിട്ടും നിർവഹണ ഉദ്യോഗസ്ഥന്റെ കൈവശം സൂക്ഷിച്ചിരിക്കുന്നു.**

15796, 15801-ാം നമ്പർ രസീത് ബുക്കുകൾ 2017-2018 ൽ വി.ഇ.ഒ.യ്ക്ക് ഇഷ്യൂ ചെയ്തിരുന്നു. 15796 -ാം നമ്പർ രസീത് ബുക്കിലെ ഉപയോഗിക്കാതെ ശേഷിച്ച 50 മുതൽ 100 വരെയുള്ള രസീതുകൾ ക്യാൻസൽ ചെയ്ത് തിരികെ വാങ്ങാതെയും 15801-ാം നമ്പർ ഉപയോഗിക്കാത്ത രസീത് ബുക്ക് നാളിതുവരെ പഞ്ചായത്തിൽ തിരികെ വാങ്ങാതെയും സ്ഥലം മാറിപ്പോയ നിർവഹണ ഉദ്യോഗസ്ഥന്റെ കൈവശം സൂക്ഷിച്ചിരുന്നു. 15801-ാം നമ്പർ ഉപയോഗിക്കാത്ത രസീത് ബുക്ക് തിരികെ വാങ്ങി പകരം വന്ന ഉദ്യോഗസ്ഥന് നൽകാതെ 15822-ാം നമ്പരിലുള്ള പുതിയ രസീത് ബുക്ക് ഇഷ്യൂ ചെയ്തിരിക്കുന്നു. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ടി രസീതു ബുക്കുകൾ തിരികെ വാങ്ങി ക്യാൻസൽ ചെയ്തു.
എല്ലാ നിർവഹണോദ്യോഗസ്ഥരും സാമ്പത്തികവർഷം അവസാനിക്കുമ്പോൾ തന്നെ രസീത്ബുക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**3) മാന്വൽ രസീതുകളും സാംഖ്യ രസീതുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.**

1) ഗ്രാമ പഞ്ചായത്തിലെ ഔട്ട്ഡോർ കളക്ഷൻ വരവുകൾ സ്വീകരിക്കുന്നതിന് ഉപയോഗിച്ചിരിക്കുന്ന മാന്വൽ രസീതു ബുക്കുകളിൽ രസീതുകളുടെ എണ്ണം തിട്ടപ്പെടുത്തി സർട്ടിഫൈ ചെയ്യുന്നുണ്ടെങ്കിലും എല്ലാം രസീതു ബുക്കുകളിലും അപ്രകാരം ചെയ്യുന്നില്ല. ഉദാഹരണം - രസീതു ബുക്ക നം. 50080, 50096,15822,500100.
2)ക്യാൻസൽ ചെയ്യുന്ന രസീതുകളിൽ കാരണം വ്യക്തമാക്കുകയോ മേലധികാരികൾ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഉദാഹരണം -

| | രസീത് നം. | തീയതി |
|---|---|---|
| മാന്വൽ രസീതുകൾ | 64/50059 | 24.01.19 |
| | 26/50064 | 31.01.19 |
| | 20/50072 | 5.02.19 |
| | 73/50072 | 8.02.19 |
| | 89/50080 | 19.03.19 |
| | 16/50096 | 25.03.19 |
| സാംഖ്യ രസീതുകൾ | 118020102263 | 24.09.18 |
| | 118020103634 | 31.12.18 |
| | 939284(സ്റ്റേഷനറി നം.) | 30.08.18 |
| | 118020103519 | 24.12.18 |

3)പ്രിന്റർ ഫാൾട്ട് വരുന്ന രസീതുകൾ ക്യാൻസൽ ചെയ്യുന്നില്ല.

4)മാന്വൽ രസീതുകളിലെ തിരുത്തലുകൾ മേലധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല.

5)സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന്ന മാന്വൽ രസീതുകൾ ക്യാൻസൽ ചെയ്യുന്നില്ല.
ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് ആയത് ദുരുപയോഗം ചെയ്യപ്പെടില്ല എന്ന് മേലധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.
<u>ഓഡിറ്റ് എൻക്വയറി -01/20.6.19, 1 9/28.06.19, 25/01.07.19</u>

## 2-2 അംഗീകരിച്ച അടിസ്ഥാന നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു -പ്രതിവർഷ നഷ്ടം 16,921/- രൂപ

ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട്, സർക്കാർ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ എസ്.ആർ.ഒ. 36/2011-ാം നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തപ്പെടേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 വ്യവസ്ഥ അനുസരിച്ച്, ഗ്രാമപഞ്ചായത്തു പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. ആയതു പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയ്ക്ക് പഞ്ചായത്തുകമ്മിറ്റി അംഗീകരിച്ച അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീറ്ററിന് 60/- രൂപയും 200 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ച.മീറ്ററിന് 80/- രൂപയുമാണ് (തീരുമാന നം.). എന്നാൽ 2018-19 വർഷത്തിൽ അസസ്ചെയ്ത താഴെപ്പറയുന്ന വാണിജ്യകെട്ടിടങ്ങൾക്ക് മേൽതീരുമാനത്തിനു വിരുദ്ധമായി ചതുരശ്രമീറ്ററിന് യഥാക്രമം 45/-രൂപ, 50/-രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇത്തരത്തിൽ കുറഞ്ഞ നിരക്ക് കണക്കാക്കിയതിലൂടെ പഞ്ചായത്തിനുണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്, കെട്ടിട നമ്പർ | കെട്ടിടയ്യിന്റെ വിസ്തീർണ്ണം (ച.മീറ്റർ) | ഈടാക്കുന്ന ആകെ വസ്തു നികുതി ലൈബ്രറി സെസ് ഉൾപ്പെടെ (രൂപ) | ഈടാക്കേണ്ടിയിരുന്ന ആകെ വസ്തു നികുതി ലൈബ്രറി സെസ് ഉൾപ്പെടെ (രൂപ) | നഷ്ടം (രൂപ) |
|---|---|---|---|---|---|
| 1. | 13/951 സന്തോഷ്, | 107.78 | 4074 (107.78x45=4850) | 5433 (107.78x60= | 1,359 |

| | | | | | |
|---|---|---|---|---|---|
| | പാട്ടത്തിൽ, തഴവ | (100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പ് ) | -ഇളവ് 20%=970 ) | 6467) -ഇളവ് 20%=1293) | |
| 2. | ~~12/963~~ അമീർ, അമീർ മൻസിൽ, വരവിള | 205.85 (200 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് ) | 12969 (205.85x50=10292.5) + വർദ്ധനവ് 20% =2058.5) | 207500 (205.85x80=16468) +വർദ്ധനവ് 20% =3294) | 7,781 |
| 3 | 12/962 | 205.85 (200 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് ) | 12969 (205.85x50=10292.5) +വർദ്ധനവ് 20% =2058.5) | 20750 (205.85x80=16468) +വർദ്ധനവ് 20% =3294) | 7,781 |
| ആകെ | | | | | 16,921/- |

നികുതി നിർണ്ണയത്തിൽ വന്ന അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ കെട്ടിട ഉടമകളുടെ നികുതി പുനർനിർണ്ണയിച്ച് ആയത് പ്രകാരം തുടർന്നുള്ള വർഷങ്ങളിൽ നികുതി ഈടാക്കേണ്ടതും തൻവർഷം നഷ്ടമായ തുക കെട്ടിട ഉടമകളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി – 12/27.6.19

നഷ്ടം- 16,921/- രൂപ.

## 2-3 അനധികൃത നിർമ്മാണങ്ങൾ അസ്സസ്സ് ചെയ്ത് നികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 235 എ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ ടി കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ ഒടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണ്. 2011-ലെ കേരള പഞ്ചായത്തീരാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അത് നിയമാനുസൃതമല്ലെന്ന് സൂചിപ്പിക്കുന്ന 'യു.എ.' എന്നും അനധികൃതനിർമ്മാണത്തിന്റെ വർഷം

ഏതെന്നും ചേർത്ത് കെട്ടിടനമ്പർ നൽകേണ്ടതാണ്. ഇപ്രകാരം കെട്ടിടനമ്പർ നൽകുന്നത് 235എഎ വകുപ്പുപ്രകാരം വസ്തുനികുതി നിർണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. 2018-2019 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട 16 കെട്ടിടങ്ങൾക്ക് 'യു.എ.' നമ്പർ നൽകുകയോ ചട്ടപ്രകാരം ഈടാക്കേണ്ട വസ്തുനികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം. | അപേക്ഷ നമ്പരും, തീയതിയും | കെട്ടിടത്തിന്റെ തരവും, വിസ്തീർണ്ണവും (ച.മീറ്റർ) | അപേക്ഷ നിരസിക്കപ്പെട്ടതിന്റെ കാരണം |
|---|---|---|---|---|
| 1. | 4 | T3/716/19 | വാണിജ്യം 461ച.മീ. | KPBR ചട്ട ലംഘനം |
| 2. | 14 | T3/5247/18 | വാണിജ്യം 283.95ച.മീ. | KPBR ചട്ട ലംഘനം |
| 3. | 3 | T3/5653/18 | വാണിജ്യം 272.74ച.മീ. | KPBR ചട്ട ലംഘനം |
| 4. | 21 | T3/8619/18 | പാർപ്പിടം, 279ച.മീ. | മഴവെള്ള സംഭരണി സ്ഥാപിച്ചിട്ടില്ല |
| 5 | 17 | T3/8772/18 | പാർപ്പിടം, 126.08ച.മീ. | KPBR ചട്ട ലംഘനം |
| 6 | 15 | T3/2051/18 | പാർപ്പിടം, 125.37ച.മീ. | KPBR ചട്ട ലംഘനം |
| 7 | 3 | T3/5569/18 | പാർപ്പിടം, 171ച.മീ. | KPBR ചട്ട ലംഘനം |
| 8 | 15 | T3/6136/18 | പാർപ്പിടം, 378ച.മീ. | നിലം |
| 9 | 12 | T3/7787/18 | പാർപ്പിടം, 134.79ച.മീ. | നിലം |
| 10 | 12 | T3/9291/18 | പാർപ്പിടം, 134.79ച.മീ. | നിലം |
| 11 | 12 | T3/2671/19 | പാർപ്പിടം, | KPBR ചട്ട ലംഘനം |

| | | | | |
|---|---|---|---|---|
| | | | 29.73ച.മീ. | |
| 12 | 19 | T3/8416/18 | പാർപ്പിടം, 111.43ച.മീ. | KPBR ചട്ട ലംഘനം |
| 13 | 21 | T3/7635/18 | വാണിജ്യം 77.04ച.മീ. | നിലം |
| 14 | 19 | T3/7743/18 | പാർപ്പിടം, 20ച.മീ. | KPBR ചട്ട ലംഘനം |
| 15 | 13 | T3/1286/19 | പാർപ്പിടം, 70.09ച.മീ. | നിലം |
| 16 | 12 | T3/1554/18 | പാർപ്പിടം, 30ച.മീ. | നിലം |

കെട്ടിടങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ ചേർത്ത് നികുതി നിർണയിച്ച് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി -18/28.6.19**

## 2-4 തൊഴിൽനികുതി , സ്ഥാപനതൊഴിൽനികുതി - ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തുപ്രദേശത്തെ ഗാർഹികേതര കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റേയും വിവരങ്ങൾ നൽകാൻ ഭൂമിയുടെയും കെട്ടിടത്തിന്റെയും ഉടമസ്ഥരോട് ആവശ്യപ്പെടുകയോ ഓഫീസ് ഉത്തരവുപ്രകാരം വിവരശേഖരണത്തിനായി സ്റ്റാഫിനെ നിയോഗിക്കുകയോ വർഷത്തിൽ ഒരു നിശ്ചിതസമയത്ത് മേൽ വിവരം നോട്ടിസ് നൽകി സ്വീകരിക്കുന്നതിന് ചുമതലയുള്ള സ്ഥിരം സംവിധാനമോ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. വിവരങ്ങൾ ശേഖരിച്ച് തൊഴിൽനികുതി നിർണയിച്ച് ആവശ്യപ്പെടുന്നതിന് സ്ഥാപനരജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയതിനാൽ തൊഴിൽനികുതി ഈടാക്കുന്നതിന്റെ കൃത്യത വ്യക്തമല്ല. കളക്ഷൻതന്നെ ഡിമാന്റായി കണക്കാക്കുന്ന രീതിയാണ് പഞ്ചായത്ത് സ്വീകരിച്ചുവരുന്നത്.കേരള പഞ്ചായത്ത് രാജ് നിയമം (1994) സെക്ഷൻ 205 (ബി ) പ്രകാരം പഞ്ചായത്തുപ്രദേശത്തെ ഗാർഹികേതരകെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ ശേഖരിച്ച് തൊഴിൽനികുതി നിർണയിച്ച് ആവശ്യപ്പെടുന്നതിന് സ്ഥാപനരജിസ്റ്റർ പരിപാലിക്കേണ്ടതും കേരള പഞ്ചായത്ത് രാജ് നിയമം (1994) സെക്ഷൻ 205 (സി )യിൽ പറയുന്ന നോട്ടീസ്നൽകി വിവരങ്ങൾ ശേഖരിച്ച് തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്.

1)തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2018-2019 രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത്

ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ബി.എസ്.എൻ.എൽ,തഴവ |
| 2 | എസ്.എൻ.പബ്ളിക് സ്കൂൾ,പാവുമ്പ |
| 3 | ടി.എം.എം.സെൻട്രൽ സ്കൂൾ,തഴവ |
| 4 | സെന്റ്.ഗ്രിഗോറിയസ് നഴ്സറി സ്കൂൾ,കുതിരപ്പന്തി |
| 5 | സെന്റ്.ഗ്രിഗോറിയസ് സെൻട്രൽ സ്കൂൾ,കുതിരപ്പന്തി |
| 6 | സെന്റ്.മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ,തഴവ |
| 7 | തഴവ സെൻട്രൽ KUCS134,തഴവ |
| 8 | കുറ്റിപ്പുറം മിൽക്ക് സൊസൈറ്റി Q 329 D,തഴവ |
| 9 | പാവുമ്പ KUCS-58,പാവുമ്പ |
| 10 | മെഡിക്കൽ സെന്റർ പാവുമ്പ |
| 11 | ലോർഡ് കൃഷ്ണ സ്കൂൾ,കുതിരപ്പന്തി |
| 12 | സൗമ്യ നഴ്സറി & എൽ .പി.സ്കൂൾ,പാവുമ്പ |
| 13 | കരാലിൽ ഹോസ്പിറ്റൽ,മണപ്പള്ളി |
| 14 | Q345 മണപ്പള്ളി |

2) ഗ്രാമപഞ്ചായത്തിലെ ഡേറ്റ എൻട്രി ഓപ്പറേറ്ററിൽ നിന്ന് രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3)ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻകടകളിൽ നിന്ന് തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കിയിട്ടില്ല.

4)ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ആയത് ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതിയും സ്ഥാപനതൊഴിൽനികുതിയും ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി -02/20.6.19**

## 2-5 പെർമിറ്റ് വ്യതിചലിച്ച് നിർമ്മാണം -രാജിയാക്കൽ ഫീസ് ഈടാക്കിയില്ല.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 134 പ്രകാരം ചട്ടത്തിന് കീഴിൽ വരുന്ന ഏതെങ്കിലും നിർമ്മാണം അംഗീകൃത പ്ലാൻ അല്ലെങ്കിൽ വ്യതിചലനത്തോടെയുള്ള അംഗീകൃത പ്ലാൻ ലഭിക്കാതെ ആരംഭിക്കുകയോ, നടത്തിക്കൊണ്ടിരിക്കുകയോ അലെങ്കിൽ

പൂർത്തിയാക്കുകയോ ചെയ്താൽ, അത്തരം നിർമ്മാണം പ്രസ്തുത ചട്ടങ്ങൾക്ക് അനുസൃതമാണെങ്കിൽ അവ ക്രമവൽകരിക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ അപ്രകാരം ക്രമവൽകരിക്കുമ്പോൾ ചട്ടം 137(4) പ്രകാരം പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കേണ്ടതാണ്.ഗ്രാമപഞ്ചായത്തിലെ 2018-19 സാമ്പത്തിക വർഷം കെട്ടിട നമ്പർ അനുവദിച്ച ചുവടെ കൊടുത്തിരിക്കുന്ന ഫയലുകൾ പരിശോധിച്ചതിൽ പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളിൽ നിന്ന് രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം/ തരം | പെർമിറ്റ് അനുവദിച്ച വിസ്തൃതി (ച.മീ.) | കംപ്ലീഷൻ പ്ലാൻ പ്രകാരം വിസ്തൃതി (ച.മീ.) | അധിക വിസ്തൃതി (ച.മീ.) | ഈടാക്കേണ്ടിയിരുന്ന രാജിയാക്കൽ ഫീസ് (രൂപ) |
|---|---|---|---|---|---|
| 1 | 12/942 പാർപ്പിടം | 278.51 | 371.43 | 92.92 | 92.92x2x3=558 |
| 2 | 15/794 പാർപ്പിടം | 429.64 | 457.1 | 27.46 | 27.46x2x3=165 |
| ആകെ | | | | | 723 |

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.നഷ്ടമായ തുക കെട്ടിട ഉടമകളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി -14/28.6.19**

**നഷ്ടം -723/- രൂപ.**

## 2-6 അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള ഇളവുകളും / വർദ്ധനവും ശരിയായി ഉൾപ്പെടുത്തുന്നില്ല.

സ.ഉ(എം.എസ്) നം.358/15,തീയതി, 16.12.15, 114/18.ത.സ്വ.ഭ.വ, തീയതി 27.4.2015, ഉത്തരവിൽ അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള ഇളവുകളും / വർദ്ധനവും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഉത്തരവ് പ്രകാരമുള്ള ഇളവുകളും വർദ്ധനവും ശരിയായരീതിയിൽ ഉൾപ്പെടുത്താതെ വസ്തുനികുതിനിർണയം നടത്തിയിരിക്കുന്നു. 2018-2019 സാമ്പത്തിക വർഷത്തെ വസ്തു നികുതി നിർണയ ഫയലുകൾ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ വിവരശേഖരണ ഫോറങ്ങൾ ഫയലിൽ ഉൾപ്പെടുത്തുകയോ ഫീൽഡ് പരിശോധനാ റിപ്പോർട്ടിൽ കെട്ടിടത്തിന്റെ വഴി സൗകര്യം, തറനിർമ്മിതി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി പരിശോധനാ റിപ്പോർട്ട് ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. എല്ലാ ഫയലിനോടൊപ്പവും കെട്ടിട ഉടമ സമർപ്പിക്കേണ്ടുന്ന റിട്ടേൺ വാങ്ങി സൂക്ഷിച്ചിട്ടില്ല. റിട്ടേണുകൾ സൂക്ഷിച്ചിട്ടുള്ള വസ്തു നികുതി നിർണയ ഫയലുകൾ പരിശോധിച്ചതിൽ കെട്ടിട

ഉടമ ശരിയായ വിവരങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ആയത് പരിഗണിക്കാതെ തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തി ഉദ്യോഗസ്ഥർ നികുതി നിർണയിച്ചിരിക്കുന്നു. ആയതിനാൽ ചുവടെ കൊടുത്തിരിക്കുന്ന ഏതാനും കെട്ടിടങ്ങൾ ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തുകയും റോഡിന്റെ തരം തെറ്റായി കണക്കാക്കിയതിനാൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതിയിന്മേൽ നൽകേണ്ട വർദ്ധനവുകൾ ഉൾപ്പെടുത്താതെ ഇളവുകൾ ഉൾപ്പെടുത്തിയും വിലയേറിയ സാധനങ്ങൾ കൊണ്ട് തറ നിർമ്മിതിയുള്ള 250 ച.മീ. ന് മുകളിൽ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് 15% വർദ്ധനവ് ഉൾപ്പെടുത്താതെയും നികുതി നിർണയിച്ചതായും ബോധ്യപ്പെട്ടു. ഉടമ സമർപ്പിച്ച റിട്ടേണിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ പരിഗണിക്കാതെയും ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് ചെയ്ത് അപ്രകാരം നികുതി നിർണയം നടത്തുകയും ചെയ്യാത്തതിനാൽ വസ്തു നികുതി വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി തെറ്റായി നിർണയിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)'കെട്ടിട ഉടമ സമർപ്പിച്ച റിട്ടേണിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പരിഗണിക്കുകയോ ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് ചെയ്ത് അപ്രകാരം കണക്കാക്കുകയോ ചെയ്യാതെ 1.5 മീറ്ററിൽ കൂടുതലും 5 മീറ്ററിൽ താഴെയും വീതിയുള്ള റോഡ് എന്ന് തെറ്റായി കണക്കാക്കി 20% വർദ്ധനവ് ഉൾപ്പെടുത്താതെ നികുതി അസ്സസ്സ് ചെയ്തത് മൂലം 387/- രൂപ നഷ്ടമായി. 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് എന്ന് സ്ഥലപരിശോധനയിൽ ഓഡിറ്റ് ടീമിന് ബോധ്യപ്പെട്ടു.

| കെട്ടിട നമ്പർ | കെട്ടിട വിസ്തൃതി (ച.മീ.) | റോഡിന്റെ തരം | ഈടാക്കേണ്ടിയിരുന്ന നികുതി(രൂപ) | ഈടാക്കുന്ന നികുതി | നഷ്ടം |
|---|---|---|---|---|---|
| 17/631 അൻവർ ഹുസൈൻ | 261.8 | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് (20% വർദ്ധനവ്) | 261.8x7=1833 (അടിസ്ഥാന വസ്തു നികുതി) +367(20% വർദ്ധന-റോഡ്) +275(15% വർദ്ധന-തറ നിർമ്മിതി) | 261.8x7=1833 (അടിസ്ഥാന വസ്തു നികുതി) +275(15% വർദ്ധന-തറ നിർമ്മിതി) | 367+18(ലൈബ്രറി സെസ്) |
| | | | ആകെ 2475+124 (ലൈബ്രറി സെസ്) | ആകെ 2108+106 (ലൈബ്രറി സെസ്) | |

2)കെട്ടിട ഉടമ സമർപ്പിച്ച റിട്ടേണിൽ 1.5 മീറ്ററിൽ കൂടുതലും 5 മീറ്ററിൽ താഴെയും വീതിയുള്ള റോഡ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പരിഗണിക്കുകയോ ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് ചെയ്ത് അപ്രകാരം കണക്കാതെ 1.5 മീറ്ററിൽ താഴെ

വീതിയുള്ള റോഡ് എന്ന് തെറ്റായി കണക്കാക്കി 10% ഇളവനുവദിച്ചതിനാൽ 244/- രൂപ നഷ്ടമായി. 1.5 മീറ്ററിൽ കൂടുതലും 5 മീറ്ററിൽ താഴെയും വീതിയുള്ള റോഡ് എന്ന് സ്ഥലപരിശോധനയിൽ ഓഡിറ്റ് ടീമിന് ബോധ്യപ്പെട്ടു.

| കെട്ടിട നമ്പർ | കെട്ടിട വിസ്തീർണ്ണം (ച.മീ.) | റോഡിന്റെ തരം | ഈടാക്കേണ്ടിയിരുന്ന നികുതി(രൂപ) | ഈടാക്കുന്ന നികുതി | നഷ്ടം |
|---|---|---|---|---|---|
| 12/942 സുധാകരൻ | 332.43 | 1.5 മീറ്ററിൽ കൂടുതലും 5 മറ്ററിൽ താഴെയും വീതിയുള്ള റോഡ് (ഇളവില്ല) | 332.43x7=2327 (അടിസ്ഥാന വസ്തു നികുതി) +349(15% വർദ്ധന-തറ നിർമ്മിതി) | 332.43x7=2327 (അടിസ്ഥാന വസ്തു നികുതി) +349(15% വർദ്ധന-തറ നിർമ്മിതി) _233(10% റോഡ്) | 233+11(ലൈബ്രറി സെസ്) |
| | | | ആകെ 2676+134 (ലൈബ്രറി സെസ്) | ആകെ 2443+123 (ലൈബ്രറി സെസ്) | |

3) വിലയേറിയ സാധനങ്ങൾ കൊണ്ട് തറ നിർമ്മിതിയുള്ള 250 ച.മീ. ന് മുകളിൽ വിസ്തൃതിയുള്ള ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് 15% വർദ്ധനവ് ഉൾപ്പെടുത്തിയില്ല. നഷ്ടം 883/- രൂപ.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിട വിസ്തീർണ്ണം (ച.മീ.) | അസ്സസ്സ് ചെയ്യേണ്ടിയിരന്ന നികുതി(രൂപ) | അസ്സസ്സ് ചെയ്ത നികുതി | വ്യത്യാസം |
|---|---|---|---|---|---|
| 1 | 14/912 ബാബു | 259.58 | 259.58x7=1817 (അടിസ്ഥാന വസ്തു നികുതി) +363(20% വർദ്ധന-റോഡ്) +273(15% വർദ്ധന-തറ നിർമ്മിതി) | 259.58x7=1817(അടിസ്ഥാന വസ്തു നികുതി) +363(20% വർദ്ധന-റോഡ്) | 273+14(ലൈബ്രറി സെസ്) |
| | | | ആകെ 2453+123(ലൈബ്രറി സെസ്) | ആകെ 2180+109(ലൈബ്രറി സെസ്) | |
| 2 | 14/909 ജിനിമോൾ | 257.82 | 257.82x7=1805(അടിസ്ഥാന വസ്തു നികുതി) +361(20% വർദ്ധന-റോഡ്) | 257.82x7=1805(അടിസ്ഥാന വസ്തു നികുതി) +361(20% വർദ്ധന-റോഡ്) | 271+14 (ലൈബ്രറി സെസ്) |

| | | | | | |
|---|---|---|---|---|---|
| | | | +271(15% വർദ്ധന-തറ നിർമ്മിതി) | | |
| | | | ആകെ 2437+122(ലൈബ്രറി സെസ്) | ആകെ 2166+109 (ലൈബ്രറി സെസ്) | |
| 3 | 11/820 സുഭാഷ് | 283.05 | 283.05x7=1981(അടിസ്ഥാന വസ്തു നികുതി) _198(10% ദ്വിതീയ മേഖല) +297(15% വർദ്ധന-തറ നിർമ്മിതി) | 283.05x7=1981 (അടിസ്ഥാന വസ്തു നികുതി) _198(10% ദ്വിതീയ മേഖല) | 297+14 (ലൈബ്രറി സെസ്) |
| | | | ആകെ 2080+104 (ലൈബ്രറി സെസ്) | ആകെ 1783+90 (ലൈബ്രറി സെസ്) | |
| ആകെ | | | | | 841+42 (ലൈബ്രറി സെസ്) |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർനിർണ്ണയിച്ച് നൽകി ആയത് പ്രകാരം തുടർന്നുള്ള വർഷങ്ങളിൽ നികുതി ഈടാക്കേണ്ടതും തൻവർഷം നഷ്ടമായ തുക കെട്ടിട ഉടമകളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി -20/29.6.19**

**നഷ്ടം –1,441/- രൂപ.**

## 2-7 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

ജി.ഒ.(ആർ.റ്റി.)നം. 19/2011/ത.സ്വഭ.വ./14-1-2011 പ്രകാരം ടെലഫോൺ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400/- രൂപയും കൂടിയ വസ്തുനികുതി 500/- രൂപയുമാണ്. ഗ്രാമപഞ്ചായത്തുകമ്മിറ്റി തീരുമാനപ്രകാരം മൊബൈൽ ടെലഫോൺ ടവറുകൾക്ക് വസ്തുനികുതി 500/- രൂപയായി നിശ്ചയിച്ച് ഉറപ്പിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന 4 മൊബൈൽ ടവറുകളിൽ നിന്ന് 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | മൊബൈൽ ടവർ | വാർഡ് നം./ കെട്ടിട നം. വിസ്തൃതി (ച.മീ.) | 2017-2018 വർഷം ഈടാക്കേണ്ടിയിരുന്ന നികുതി+ ലൈബ്രറിസെസ്സ് | 2018-19 വർഷം ഈടാക്കേണ്ടിയിരുന്ന നികുതി+ ലൈബ്രറിസെസ്സ് |
|---|---|---|---|---|
| 1 | ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | 13/786 22.8 | 10260+513 | 10260+513 |
| 2 | ബി.എസ്.എൻ.എൽ | 1/442, 16 | 6400+320 | 6400+320 |
| 3 | ബി.എസ്.എൻ.എൽ | 13/838 16 | 5880+294 | 5880+294 |
| 4 | ബി.എസ്.എൻ.എൽ | 2/432, 9.8 | 8800+440 | 8800+440 |

ഇരുവർഷങ്ങളിലേയും നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടി വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രോസിക്യൂഷൻ നടപടി തുടരുകയാണെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 2-8 തറവിസ്തീർണം പുർണമായി ഉൾപ്പെടുത്താതെ വസ്തുനികുതി നിർണയിച്ചു.

ശ്രീ.സതീഷ് കുമാറിന്റെ ഉടമസ്ഥതയിലുള്ള 15/794 -ാം നമ്പർ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ച വിസ്തൃതി 429.64 ച.മീ.ആണ്. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തൃതി 457.1 ച.മീ.ആണ്. 2018-19 സാമ്പത്തിക വർഷം ടി കെട്ടിടത്തിന്റെ നികുതി നിർണയിച്ചിരിക്കുന്നത് വിസ്തൃതി 429.64 ച.മീ.കണക്കാക്കിയാണ്. ആയതിനാൽ നികുതി നിർണയിച്ചതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

നികുതി നിർണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

<u>ഈടാക്കിയത്</u>

തറവിസ്തീർണ്ണം - 429.64 ച.മീ.

അടിസ്ഥാന വസ്തു നികുതി നിരക്ക് -7/- രൂപ

അടിസ്ഥാന വസ്തു നികുതി കണക്കാക്കിയത് - 429.64 x 7= 3007/- രൂപ

മേൽക്കൂര ഇളവ് (10%)- 301/- രൂപ

വർദ്ധനവ് (തറ നിർമ്മിതി-15%)-451/-

വാർഷിക വസ്തു നികുതി -3157/- രൂപ ( 3007- 301+ 451)

ലൈബ്രറി സെസ്സ് - 158/- രൂപ

ആകെ -3315/- രൂപ

**ഈടാക്കേണ്ടിയിരുന്നത്**

തറവിസ്തീർണ്ണം - 457.1ച.മീ.

അടിസ്ഥാന വസ്തു നികുതി നിരക്ക് - 7 /-രൂപ

അടിസ്ഥാന വസ്തു നികുതി - 457.1 x 7 =3200/-രൂപ

മേൽക്കൂര ഇളവ് (10%)- 320/- രൂപ

വർദ്ധനവ് (തറ നിർമ്മിതി-15%) - 480 /-രൂപ

വാർഷിക വസ്തു നികുതി - 3360/-രൂപ (3200- 320+ 480 )

ലൈബ്രറി സെസ്സ് - 168/- രൂപ

ആകെ -3528/- രൂപ

വ്യത്യാസം - 203/-+ 10(ലൈബ്രറി സെസ് )

കെട്ടിടത്തിന്റെ തറ വിസ്തീർണം ശരിയായി കണക്കാതെ നികുതി നിർണയിച്ചത് മൂലം തൻവർഷം തോറും നികുതിയിനത്തിൽ 203/- രപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർനിർണ്ണയിച്ച് ആയത് പ്രകാരം തുടർന്നുള്ള വർഷങ്ങളിൽ നികുതി ഈടാക്കേണ്ടതും തൻവർഷം നഷ്ടമായ തുക കെട്ടിട ഉടമകളിൽ നിന്നോ ഉത്തരവാദിയായ ഉദായോഗസ്ഥനിൽ നിന്നോ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി -26/29.6.19**

**നഷ്ടം- 203/- രൂപ.**

## 2-9 ക്രമവത്കരണം-പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണ (ആർ.ഡി.)വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി2/15/ ത.സ്വ.ഭ.വ.കത്തിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം ഒരിക്കൽ പെർമിറ്റെടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച് സംഗതികൾ ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും , പെർമിറ്റ് എടുക്കാതെ പൂർണമായും ക്രമവത്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2018-19 സാമ്പത്തിക വർഷത്തെ കെട്ടിട നമ്പർ അനുവദിച്ച ചുവടെ കൊടുത്തിരിക്കുന്ന ഫയലുകൾ പരിശോധിച്ചതിൽ പെർമിറ്റ് എടുക്കാതെ ക്രമവത്കരിച്ച കെട്ടിടങ്ങളിൽ നിന്ന് രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | കെട്ടിട നം/തരം | വിസ്തീർണ്ണം (ച.മീ.) | ഈടാക്കേണ്ടിയിരുന്ന പെർമിറ്റ് ഫീസ് (രൂപ) |
|---|---|---|---|
| 1 | 13/951 (വാണിജ്യം) | 107.78 | 107.78x5=538.9 |
| 2 | 21/704 (വാണിജ്യം) | 108.6 | 108.6x5=543 |
| 3 | 20/661 (പാർപ്പിടം) | 275.51 | 275.51x3=827 |
| 4 | 12/938 (പാർപ്പിടം) | 265.5 | 265.5x3=797 |
| 5 | 19/678 (പാർപ്പിടം) | 290.16 | 290.16x3=870 |
| ആകെ | | | 3576 |

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.നഷ്ടമായ തുക കെട്ടിട ഉടമകളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി -13/28.6.19**

**നഷ്ടം -3,576/- രൂപ.**

## 2-10 കാലാവധി കഴിഞ്ഞ നിക്ഷേപങ്ങൾ - തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1, ആർട്ടിക്കിൾ 282 പ്രകാരം മൂന്ന് സാമ്പത്തിക വർഷത്തിൽ അധികം നിക്ഷേപകൻ അവകാശമുന്നയിക്കാത്ത ഡെപ്പോസിറ്റുകൾ എല്ലാ സാമ്പത്തിക വർഷത്തിന്റെയും അവസാനം സർക്കാർ അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. 2006-2007 മുതൽ ഉള്ള നിക്ഷേപങ്ങൾ നിലവിലും തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടുവാൻ അവശേഷിക്കുന്നു. മുതൽ കൂട്ടേണ്ട 3,45,386/- രൂപയുടെ വർഷം തിരിച്ചുള്ള വിശകലനം ചുവടെ കൊടുക്കുന്നു.

| വർഷം | ഡെപ്പോസിറ്റ് തുക(രൂപ) |
|---|---|
| 2006-2007 | 6,808/- |
| 2007-2008 | 22,400/- |
| 2008-2009 | 87,300/- |
| 2009-2010 | 30,928/- |
| 2010-2011 | 38,839/- |
| 2011-2012 | 4,020/- |
| 2012-2013 | 59,740/- |
| 2013-2014 | 75,491/- |
| 2014-2015 | 15,905/- |

| | |
|---|---|
| 2015-2016 | 3,955/- |
| ആകെ | 3,45,386/- |

മേൽ തുക 3,45,386/-രൂപ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടി വിശദാംശങ്ങൾ ആദ്യ മറുപടിയോടൊപ്പം അയക്കേണ്ടതാണ്.

## 2-11 ലേലം – മാർക്കറ്റ് ഫീസ് വരവില്ല.

2018-2019 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ ചിറ്റുമല , കാളിയൻചന്ത എന്നീ മാർക്കറ്റുകളുടെ മാർക്കറ്റ് ഫീസിനത്തിൽ വരവില്ല. ടി മാർക്കറ്റുകളുടെ ലേലം ഇനത്തിൽ മുൻവർഷം 31,400/- രൂപ വരവുണ്ടായിരുന്നു. ചിറ്റുമല മാർക്കറ്റ് ശ്രീ.ആസാദ് എന്ന വ്യക്തി 16,000/- രൂപക്ക് ലേലം കൊണ്ടതായി ലേല ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 18% ജി.എസ്.ടി. ഈടാക്കിയിട്ടില്ല. ലേലം സ്ഥിരപ്പെടുത്തിയ വിവരങ്ങൾ ഒന്നും തന്നെ ലേല ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ല, ടിയാളുമായി എഗ്രിമെന്റ് വെച്ചിട്ടില്ല, . വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ചിറ്റുമല മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം കോടതി സമുച്ചയം പണിയാൻ നൽകുന്നതു കൊണ്ട് ടിയാന്റെ ലേല തുക ഡെപ്പോസിറ്റായി സ്വീകരിച്ചിരിക്കുകയാണെന്നും കെട്ടിടം പണി ആരംഭിച്ചാൽ ആനുപാതികമായ കാലയളവിലെ തുക തിരികെ നൽകുന്നതാണെന്നും ആയതിനാലാണ് എഗ്രിമെന്റ് വെയ്ക്കാത്തതെന്നും മറുപടി ലഭ്യമാക്കി. കാളിയൻ ചന്ത മാർക്കറ്റ് പുനർലേലം ചെയ്യുന്നതിന് തീരുമാനിച്ചെങ്കിലും പുനർലേലം നടത്തുകയോ മാർക്കറ്റ് ഫീസ് പിരിക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മാർക്കറ്റ് ഫീസിനത്തിൽ വരവ് നഷ്ടം സംഭവിച്ചിട്ടുണ്ട്.

**<u>കൊയ്ത്ത് മെതിയന്ത്രം ലേലം ചെയ്തിട്ടില്ല.</u>**

2017-2018 ഓഡിറ്റ് റിപ്പോർട്ടിൽ കൊയ്ത്ത് മെതിയന്ത്രം ലേലം ചെയ്യണമെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ലേലം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് വാല്യേഷൻ എടുക്കുന്നതിനായി നടപടി സ്വീകരിച്ചുവെന്ന് മറുപടി ലഭ്യമാക്കി.തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

**<u>യു.പി.എസ്.ലേലം ചെയ്യേണ്ടതാണ്.</u>**

ഗ്രാമപഞ്ചായത്തിലെ പഴയ യു.പി.എസ്. നശിച്ചതിനാൽ 2018-2019 സാമ്പത്തിക വർഷം പുതിയ യു.പി.എസ്.വാങ്ങിയിട്ടുണ്ട്. എന്നാൽ പഴയ യു.പി.എസ്. പി.ഡബ്ല്യൂ.ഡി. ഇലക്ട്രോണിക് വിംഗിൽ നിന്നും വാല്യുവേഷൻ വാങ്ങി ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ലേലം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി- 3/21.06.2019, 9/24.06.19**

## 2-12 കെട്ടിട നിർമ്മാണ പെർമിറ്റ് -അവലോകനം

2018-19 വർഷം ഗ്രാമപഞ്ചായത്തിൽ കെട്ടിടനിർമ്മാണ പെർമ്മിറ്റിനായി 353 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 331 അപേക്ഷകൾ തീർപ്പാക്കി പെർമ്മിറ്റ് അനുവദിക്കുകയും വിവിധ കാരണങ്ങളാൽ 22 അപേക്ഷകൾ നിരസിക്കുകയും ചെയ്തു. നിരസിച്ച അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിരസിച്ചതിന്റെ കാരണം | നിരസിച്ച എണ്ണം |
|---|---|
| നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡേറ്റാബാങ്കിൽ ഉൾപ്പെട്ടവ | 16 |
| കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനം | 3 |
| മതിയായ രേഖകളുടെ അഭാവം | 2 |
| വിവിധ വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമായവ | 1 |

## 2-13 കെട്ടിട നമ്പർ - നിരസിക്കുന്ന അപേക്ഷകളിൻമേൽ ഉചിതമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2018-2019 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ കെട്ടിട നമ്പറിനായി ലഭിച്ച അപേക്ഷകളിൽ ചുവടെ കൊടുത്തിരിക്കുന്ന അപേക്ഷകൾ നിരസിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം. | അപേക്ഷ നമ്പരും, തീയതിയും | കെട്ടിടത്തിന്റെ തരവും, വിസ്തീർണ്ണവും (ച.മീറ്റർ) | അപേക്ഷ നിരസിക്കപ്പെട്ടതിന്റെ കാരണം |
|---|---|---|---|---|
| 1 | 11 | T3/632/19 | പാർപ്പിടം, 150ച.മീ. | ഓൺലൈൻ പ്ലാൻ സമർപ്പിച്ചിട്ടില്ല. |
| 2 | 10 | T3/5570/18 | പാർപ്പിടം, 70ച.മീ. | ഭ്രവുടമ മരണപ്പെട്ട് പോയതിനാൽ മറ്റ് അവകാശികൾ അപേക്ഷിച്ചിട്ടില്ല |
| 3 | 19 | T3/4048/18 | പാർപ്പിടം, 126ച.മീ. | കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടില്ല. |

മേൽ കെട്ടിടങ്ങൾക്ക് സ്വീകരിച്ച തുടർനടപടി അറിയിക്കേണ്ടതാണ്.

## 2-14. ഡി&ഒ ലൈസൻസ് ഫീസ്-റേഷൻ റീട്ടെയിൽ ഡിപ്പോകളിൽ നിന്ന് ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും

ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). പഞ്ചായത്തു പരിധിയിൽ 23 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കി. ടി സ്ഥാപനങ്ങൾ ഒന്നുംതന്നെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തു പരിധിയിലുള്ള മുഴവൻ വ്യാപാരികളുടെയും വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി &ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ കൃത്യമായി അടയ്ക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനായി റിട്ടേൺ ആവശ്യപ്പെടുകയോ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഡി&ഒ രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ വാർഡിലെയും കളക്ഷൻ തന്നെ ഡിമാന്റായി കാണിച്ചിരിക്കുന്നു. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല. അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ആയത് പ്രകാരം വ്യാപാരികളിൽ നിന്ന് റിട്ടേൺ ആവശ്യപ്പെടേണ്ടതും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി -11/25.06.19**

## ഭാഗം -3
## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കാർഷിക ഉപകരണങ്ങളുടെ കൈമാറ്റം-വ്യവസ്ഥകൾ പാലിക്കുന്നില്ല

പ്രോജക്ട് - തെങ്ങ്കയറ്റ യന്ത്രം നൽകലും പരിശീലനവും

പ്രോജക്ട് നം - 62/19

അടങ്കൽ തുക - 166000/- രൂപ

വികസന ഫണ്ട്(എസ്.സി.പി) - 150000/- രൂപ

ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) - 16000/- രൂപ

ചെലവ്- 27000/- രൂപ

ബിൽ നം/തീയതി-31/28.11.18; 18900/- രൂപ

ബിൽ നം.46/29.01.2019; 8100/- രൂപ

നിർവഹണം-കൃഷി ഓഫീസർ

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിര താമസക്കാരായ പട്ടികജാതിക്കാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന എട്ടു പേരടങ്ങുന്ന അഞ്ചു ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവർക്ക്

പരിശീലനം നൽകിയ ശേഷം 90% സബ്സിഡി നിരക്കിൽ തെങ്ങ്കയറ്റ യന്ത്രം വാങ്ങി നൽകാനുമാണ് പദ്ധതി രൂപീകരിച്ചത്.

കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നും 27.11.18ൽ ലഭ്യമായ Q-670/18-19നം ഇൻവോയ്സ് പ്രകാരം 3000/- രൂപ നിരക്കിൽ തെങ്ങ്കയറ്റ യന്ത്രങ്ങൾ വാങ്ങുകയും തഴവ തെങ്ങ്കയറ്റ ഗ്രൂപ്പ് 1,11,111 എന്നിങ്ങനെ മൂന്ന് ഗ്രൂപ്പുകൾക്ക് കൈമാറുകയും ചെയ്തു.ഗ്രൂപ്പുകളുടെ കൈപ്പറ്റ് രസീത് സ്റ്റോക്ക് രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പുകൾ കാർഷിക സഹകരണ സംഘങ്ങൾ ആയി രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2018-19 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമാക്കേണ്ട സബ്സിഡി മാർഗ്ഗരേഖ – GO(MS)22/18;തസ്വഭവ 14.02.2018 6(1)8 പ്രകാരം കാർഷിക യന്ത്രങ്ങൾ വാങ്ങി നൽകുമ്പോൾ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ കൃഷി ഓഫീസർ പാലിച്ചിട്ടില്ല എന്നു കാണുന്നു.

യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കു എന്നും സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20% വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാമെന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കർഷക ഗ്രൂപ്പുകളുമായി കൃഷി ഓഫീസർ കരാർ വച്ചിട്ടില്ല. സംഘങ്ങൾക്കു നൽകുന്ന യന്ത്രങ്ങളുടെ സംരക്ഷണച്ചെലവ്, അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് എന്നിവ സംഘങ്ങൾ തന്നെ വഹിക്കേണ്ടതും ഉടമസ്ഥാവകാശം കൃഷി ഓഫീസർക്കും കൈവശാധികാരം സംഘങ്ങൾക്കും ആയിരിക്കും എന്ന വ്യവസ്ഥ ഉൾപ്പെടുത്തി കരാർ ചമച്ചിട്ടില്ലാത്തതിനാൽ യന്ത്രോപകരണങ്ങൾ കാലക്രമേണ കൈമാറ്റം ചെയ്യപ്പെടാനും ഉപയോഗ ശൂന്യമാകുന്ന മുറയ്ക്ക് കൃഷി ഓഫീസിൽ തിരികെ എത്തിക്കാനും സാധ്യതയുണ്ട്.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, തെങ്ങുകയറ്റ യന്ത്രം ഉപയോഗിക്കേണ്ടത് വ്യക്തിപരമായതിനാൽ അപേക്ഷകരുടെ സത്യപ്രസ്ഥാവന മാത്രം വാങ്ങി ഉപകരണം കൈമാറുകയുമാണ് ഉണ്ടായതെന്ന് കൃഷി ഓഫീസർ അറിയിച്ചു.

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.8-ൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾ മുതലായവയ്ക്ക് മാത്രമേ തെങ്ങ് കയറാനുള്ള യന്ത്രം വാങ്ങാൻ സബ്സിഡി നൽകാവൂ എന്നും വ്യക്തികൾക്കു നൽകാൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. യന്ത്രങ്ങളുടെ ഉപയോഗവും പരിപാലനവും സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമാനുസൃതമായ കരാർ വയ്ക്കുകയും പ്രവർത്തനങ്ങൾ യഥാസമയം മോണിറ്റർ ചെയ്യുകയും വേണം.

സംഘങ്ങളുമായി യഥാവിധിയുള്ള കരാർ രൂപീകരിച്ച് രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ച 27000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**എൻക്വയറി നം - 17/28.06.2019**

**തടസ്സപ്പെടുത്തിയ തുക – 27000/- രൂപ**

# 3-2 കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ ഒഴിവാക്കിയതിലൂടെ 6000/- രൂപ നഷ്ടം

| | |
|---|---|
| പ്രോജക്ട് | ജി.എൽ .പി സ്കൂളുകളിൽ പബ്ളിക്ക് അഡ്രസ് സിസ്റ്റം |
| പ്രോജക്ട്നം | 27/19 |
| അടങ്കൽ | 200000/- രൂപ |
| ഫണ്ടിനം | വികസന ഫണ്ട്(പൊതുവിഭാഗം) |
| ചെലവ് | 186786/- രൂപ |
| ബിൽ നം/ തീയതി | 7/21.3.19 (93393/-)<br>9/21.3.19 (93393/-) |
| നിർവഹണം | ഹെഡ്മിസ്ട്രസ്സ്, എ.വി.ജി.എൽ.പി.സ്കൂൾ, തഴവ |

തഴവ, തഴവ(നോർത്ത്), മണപ്പള്ളി, കുതിരപ്പന്തി എന്നിവിടങ്ങളിലെ ഗവൺമെന്റ് എൽ.പി.സ്കൂളുകളിലേയ്ക്ക് 250വാട്ട് ആംപ്ളിഫയർ (4എണ്ണം), 250വാട്ട് സ്പീക്കർ (8എണ്ണം), സ്പീക്കർ കോയിൽ (2എണ്ണം), സ്റ്റാൻഡോടു കൂടിയ മൈക്ക് (4എണ്ണം) എന്നിവ വാങ്ങി നൽകാനാണ് പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയത്.

2.11.18ൽ നൽകിയ ദർഘാസ് പരസ്യത്തെ തുടർന്ന് രണ്ടു സ്ഥാപനങ്ങൾ ക്വട്ടേഷൻ നൽകിയെങ്കിലും, രണ്ടു ക്വട്ടേഷൻ മാത്രം ലഭിച്ചതിനാൽ റീടെണ്ടർ നടപടികൾ സ്വീകരിക്കാനാണ് 26.2.18 ലെ2(2)നമ്പരായി ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തത്.

6.12.18ൽ നടത്തിയ റീടെണ്ടറിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി. ഇതിൽ കുറഞ്ഞ നിരക്ക് (179300/-) ക്വോട്ടു ചെയ്ത ആർ.ജെ എന്റർപ്രൈസസ് എന്ന സ്ഥാപനം 250 വാട്ട് സ്പീക്കറിനു പകരം 125 വാട്ട് സ്പീക്കറാണ് ഉൾപ്പെടുത്തിയത് എന്ന കാരണത്താൽ ഒഴിവാക്കി.

തുടർന്ന് ഹെഡ്മിസ്ട്രസ്സ് തയ്യാറാക്കി നൽകിയ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് 19.12.18 ലെ 2(6) നം തീരുമാന പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയും കുറഞ്ഞ നിരക്ക് (186800/-) ക്വോട്ടു ചെയ്ത ഐസ് ലാബ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങാൻ ഹെഡ്മിസ്ട്രസ്സിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

എന്നാൽ മണീസ് ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനം 1,80,800/- രൂപയാണ് ക്വോട്ടു ചെയ്തിരുന്നത്. ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ ഈ തുക തെറ്റായാണ് രേഖപ്പെടുത്തിയത്. ആയതിനാൽ 6,000/- രൂപ അധികം ക്വോട്ടു ചെയ്ത സ്ഥാപനത്തിൽ നിന്നുമാണ് ഉപകരണങ്ങൾ വാങ്ങിയത്.

ഇതു സംബന്ധിച്ച നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മണീസ് ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ഗ്യാരന്റി സൂചിപ്പിച്ചിട്ടില്ലാത്തതിനാലാണ് അവരെ ഒഴിവാക്കിയതെന്നാണ് മറുപടിയിൽ ഹെഡ്മിസ്ട്രസ്സ് അറിയിച്ചത്. ഈ വിവരം വ്യക്തമാക്കുന്ന രേഖകൾ ഒന്നും തന്നെ ഓഡിറ്റ് വേളയിൽ ഹാജരാക്കിയില്ല. ആയതിനാൽ അധികം നൽകിയ 6,000/- രൂപ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

**നിരാകരിച്ച തുക - 6,000/- രൂപ**

**എൻക്വയറി നം. - 10/25.6.19**

## 3-3 വിശദമായ വിനിയോഗ രേഖകളില്ല,എസ്.എസ്.എ പദ്ധതിയുടെ ചെലവു തുക- തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് : എസ്.എസ്.എ പഞ്ചായത്ത് വിഹിതം

പ്രോജക്ട് നമ്പർ – 3/2019

അടങ്കൽ -

വികസന ഫണ്ട്(പൊതുവിഭാഗം) - 900000/- രൂപ

ചെലവ് - 900000/- രൂപ

ബിൽനം - 01/18-19; 11.07.18

നിർവ്വഹണം : ഹെഡ് മിസ്ട്രസ്സ്, എ.വി.ജി.എൽ.പി.എസ്, തഴവ

ആറ് മുതൽ പതിനാല് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ഓഡിറ്റ് വർഷം 900000/- രൂപ പിൻവലിച്ച് എസ്.എസ്.എയിൽ അടവാക്കിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റു രസീത് ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ പക്കൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 18/08/2012ലെ (എം.എസ്.)225/12/ത.സ്വ.ഭ.വ, 16.11.2013ലെ (എം.എസ്)362/2013/ ത.സ്വ.ഭ.വ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം [പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖകൾ] തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക എസ്.എസ്.എ. പ്രോജക്ടിനു വേണ്ടി വകയിരുത്തണം. അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത് എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനവും ചേർന്നാവണം. ഇത്തരത്തിൽ തയ്യാറാക്കുന്ന പദ്ധതി ഭരണസമിതി അംഗീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം.

എന്നാൽ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ അഭിപ്രായങ്ങളോ, ശുപാർശകളോ വിലയിരുത്തിയിട്ടില്ല എസ്.എസ്.എ. പദ്ധതികൾക്കായി തുക അനുവദിച്ചത്.

2. എസ്.എസ്.എ.യുടെ ജില്ല പ്രോഗ്രാം ഓഫീസർ പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അടങ്ങുന്ന ബഡ്ജറ്റ് വിവരങ്ങൾ തയ്യാറാക്കിയത്, പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം എസ്.എസ്.എ. ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ, ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ട്, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കർമ്മ സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

വിശദാംശങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കാമെന്ന മറുപടിയാണ് ലഭ്യമാക്കിയത്. തുക പൂർണ്ണമായും പഞ്ചായത്തിലെ സ്കൂളുകളിൽ ചെലവഴിച്ചതിന്റെ രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 900000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**എൻക്വയറി നം - 10/25.06.19**

**തടസ്സപ്പെടുത്തിയ തുക – 900000/- രൂപ**

## 3-4 മെഡിക്കൽ ഓഫീസർ പി ച്ച് സി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല

തഴവ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മരുന്ന വാങ്ങൽ പദ്ധതികളിൽ, വകയിരുത്തിയ മുഴുവൻ തുകകളും കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് (അക്കൗണ്ട് നം-3624001800000019) 2018-19 ൽ കൈമാറിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്/ പ്രോജക്ട് നം | പ്രൊഫോർമാ ഇൻവോയ്സ് നം/തീയതി | ചെലവ്/ ഫണ്ടിനം | ബിൽനം / തീയതി | ലഭിക്കാനുള്ള മരുന്നിന്റെ വില |
|---|---|---|---|---|---|
| 1 | സാന്ത്വന പരിചരണ പരിപാടി-12/19 | 4846/27.2.19 | 222100/- വികസന ഫണ്ട് (പൊതു വിഭാഗം) | 6/25.03.2019 | 222100/- |
| 2 | പി.എച്ച്.സിയ്ക്ക് മരുന്ന വാങ്ങൽ-18/19 | 1276/17.09.18 | 200000/- മെയിന്റനൻസ് ഫണ്ട്- | 4/28.12.2018 200000/- | 41107/- |

| | | | | | |
|---|---|---|---|---|---|
| | | | (നോൺ റോഡ്) | | |

പി.എച്ച്.സിയ്ക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതി പ്രകാരം 2225 എണ്ണം ഇൻസുജെൻ (30/70 Inj) ഉൾപ്പെടെ പതിനാറ് ഇനം മരുന്നുകളാണ് ഓർഡർ ചെയ്തത്. എന്നാൽ 24.06.19ൽ എത്തിയ അവസാന ഗഡു ഉൾപ്പെടെ 2151 എണ്ണം ഇൻസുജെൻ മാത്രമാണ് ലഭിച്ചത്. ശേഷിക്കുന്ന ഇനങ്ങൾ പൂർണ്ണമായും ലഭിക്കാനുണ്ട്

പാലിയേറ്റീവ് പദ്ധതിക്കു വേണ്ടി 151100/- രൂപയുടെ മരുന്നുകളും 71000/- രൂപയുടെ ഉപകരണങ്ങളുമാണ് ആവശ്യപ്പെട്ടതെങ്കിലും ആയവ നാളിതു വരെ ലഭിച്ചിട്ടില്ല. മരുന്നുകളുടെ അഭാവം പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് തടസ്സമാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല,ആദ്യ ഗഡു - 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് - ഭവന പുനരുദ്ധാരണം (എസ്.സി)

പ്രോജക്ട്നം. - 89/19

അടങ്കൽ

വികസന ഫണ്ട്(എസ്.സി.പി) - 4400000/- രൂപ

ചെലവ് – 4200000/- രൂപ

നിർവഹണം - വി.ഇ.ഒ

ഗ്രാമപഞ്ചായത്ത് പരിധിയിൽ എട്ടു വർഷത്തിലധികം പഴക്കമുള്ള വാസയോഗ്യമായ വീടുകളുള്ള 44 പേർക്ക് അറ്റകുറ്റപ്പണികൾക്കു വേണ്ടി 100000/- രൂപ വീതം അനുവദിക്കാനാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. 2018-19 ൽ 44 പേർ കരാർ വച്ച് പ്രവൃത്തികൾ ആരംഭിക്കുകയും 40 പേർ പണി പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റുകയും ചെയ്തു. ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ബിൽ നം / തീയതി- |
|---|---|---|---|
| 1 | കുട്ടി, ചക്കാലയ്ക്കൽ, XVII | 50000/- | 06/22.11.18 |
| 2 | അനന്തുകൃഷ്ണൻ, ശാന്താലയം, XIV | 50000/- | 07/13.12.18 |

| | | | |
|---|---|---|---|
| 3 | ചന്ദ്രിക, ചെറുകളീക്കൽ, XVI | 50000/- | 07/13.12.18 |
| 4 | ചെല്ലമ്മ, പറയന്റെ തെക്കതിൽ, XX | 50000/- | 18/21.03.19 |

മേൽ ചേർത്ത ഗുണഭോക്താക്കൾ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതു വരെ ഇവർക്ക് ആദ്യ ഗഡുവായി അനുവദിച്ച 200000/- രൂപ തടസ്സപ്പെടുത്തുന്നു. പണികൾ പൂർത്തിയാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകിയ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**എൻക്വയറി നം. – 16/28.06.19**

**തടസ്സപ്പെടുത്തിയ തുക - 200000/- രൂപ**

## 3-6 ഗുണമേന്മയില്ലാത്ത വിത്ത് വിതരണം ചെയ്തു,

പ്രോജക്ട് - സമഗ്ര നെൽകൃഷി വികസനം

പ്രോജക്ട് നം. - 41/19

അടങ്കൽ

വികസന ഫണ്ട്(പൊതു വിഭാഗം) - 3000000/- രൂപ

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 1572500/- രൂപ
ജില്ലാ പഞ്ചായത്ത് വിഹിതം - 1572500/- രൂപ

ഗുണഭോക്തൃ വിഹിതം(നേരിട്ടു ചെലവഴിക്കുന്നത്) – 275000/- രൂപ

ആകെ – 6420000/- രൂപ

ചെലവ്

വികസന ഫണ്ട്(പൊതു വിഭാഗം) - 3000000/- രൂപ (ബിൽ നം. 32/29.11.18)

ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 680000/- രൂപ (ചെക്ക് നം. 2050869/26.2.19)

ജില്ലാ പഞ്ചായത്ത് വിഹിതം - 680000/- രൂപ (ചെക്ക് നം. 0421622/28.2.19)

110 ഹെക്ടർ സ്ഥലത്ത് ഒന്നാം വിളയും രണ്ടാം വിളയുമായി നെൽകൃഷി നടത്തുന്നതിനോടൊപ്പം 370 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാൻ നെൽവിത്ത് വിതരണം ചെയ്യാനും കൂലിച്ചെലവ് നൽകാനുമാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്.

രണ്ടാം വിളയ്ക്ക് വേണ്ടി 6000 കിലോ ഗ്രാം ഉമ നെൽവിത്ത് 40 രൂപ നിരക്കിൽ കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും വാങ്ങിയിരുന്നു (ബിൽ നം-1068/18-19; 31.8.18). ഈ നെൽവിത്ത് 31.8.18 ൽ സ്റ്റോക്കിലെടുക്കുകയും അന്നേ ദിവസം തന്നെ 4020 kg വിതരണം ചെയ്യുകയും ചെയ്തു.

ചിറയ്ക്കൽ പേരയ്ക്കൽ പാടശേഖര സമിതിയും പാവുമ്പയിലെ ചുരുളി ഏലാവികസന സമിതിയും യഥാക്രമം 35, 25 ഏക്കറുകളിൽ വിതച്ച വിത്തിൽ 10% പോലും മുളച്ചില്ല എന്ന വിവരം 22.9.18 ൽ കത്ത് മുഖേന കൃഷി ഓഫീസറെ അറിയിച്ചിരുന്നു. ഈ വിവരം കൃഷി ഓഫീസർ KSSDA യെയും (22.9.18ൽ) ജില്ലാ കൃഷി ഓഫീസറേയും (26.9.18ൽ)അറിയിച്ചിരുന്നു. തുടർന്ന് 4.10.18ൽ, 6000 കിലോയിൽ ശേഷിച്ചിരുന്ന 1980 കിലോ വിത്തിനു പകരം പുതിയ നെൽവിത്ത് നൽകുകയും ജെർമിനേഷൻ പെർസെന്റേജ് കുറഞ്ഞ വിത്ത് തിരികെ എടുക്കുകയും ചെയ്തു.

6000 കിലോ നെൽവിത്ത് മുളയ്ക്കാതിരുന്നതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കണമെന്നും പാടശേഖര സമിതികൾക്ക് കൈമാറുന്നതിനു മുൻപ് വിത്തിന്റെ ജെർമിനേഷൻ പെർസെന്റേജ് ഉറപ്പു വരുത്താതിരുന്നതിന് വിശദീകരണം നൽകണമെന്നും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, K.S.S.D.A യിൽ നിന്നും വിതരണം ചെയ്ത 6000കിലോ നെൽവിത്തിന്റെ പരിശോധനയിൽ, ജെർമിനേഷൻ പെർസെന്റേജ് കുറവുണ്ടായിരുന്നത് 1980 കിലോ നെൽവിത്തിനു മാത്രമായിരുന്നെന്നും ആ വിവരം റിപ്പോർട്ട് ചെയ്തപ്പോൾ പകരം 4.10.18 ൽ 1980 കിലോ വിത്ത് നൽകുകയും പഴയ വിത്ത് തിരിച്ചെടുക്കുകയും ചെയ്തു എന്നാണ് കൃഷി ഓഫീസർ അറിയിച്ചത്.

കൃഷി ഓഫീസറുടെ മറുപടി പ്രകാരം വിതരണം ചെയ്യാതെ ശേഷിച്ചിരുന്ന വിത്താണ് മുളയ്ക്കാതിരുന്നത്. വിതരണം ചെയ്ത വിത്തിന് അപാകതകൾ ഇല്ലായിരുന്നു. എന്നാൽ 4020 കിലോ വിത്ത് കൈപ്പറ്റിയ പാടശേഖര സമിതികളാണ് വിത്ത് മുളച്ചില്ല എന്ന് രേഖാമൂലം പരാതി നൽകിയത്. ആയതിൽ നിന്നു തന്നെ വിതരണം ചെയ്ത വിത്തിനും ശേഷിച്ചിരുന്ന വിത്തിനും മുളയ്ക്കാനുള്ള ശേഷി ഇല്ലായിരുന്നു എന്ന് വ്യക്തമാകുന്നു.

വിത്ത് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ അതിന്റെ ക്ഷമത പരിശോധിച്ച് ഉറപ്പ് വരുത്താതെ പാടശേഖരസമിതികൾക്കും കൃഷിക്കാർക്കും വിതരണം ചെയ്തത് ശരിയായ നടപടി ക്രമമല്ല. തുടർ വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**എൻക്വയറി നം. 17/28.06.19**

## 3-7 ലൈഫ് ഭവന പദ്ധതി -അവലോകനം

2018-19 സാമ്പത്തിക വർഷം ഭൂമിയുള്ള പട്ടിക ജാതിക്കാർക്കും പൊതു വിഭാഗത്തിനും വേണ്ടി ലൈഫ് ഭവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പൊതുവിഭാഗം (പ്രോജക്റ്റ് നം- 77/19 ) | | | പട്ടിക ജാതി (പ്രോജക്റ്റ് നം- 92/19 ) | |
|---|---|---|---|---|
| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് | വകയിരുത്തിയ തുക | ചെലവ് |
| വികസന | 7300000/- | 7300000/- | 496000/- | 496000/- |

| | | | | |
|---|---|---|---|---|
| ഫണ്ട്(ജനറൽ) | | | (എസ്.സി.പി) | |
| ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ | 47439520/- | 22240000/- | 7518513/- | 700000/- |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1832947/- | 1280000/- | 644995/- | 544000/- |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 3027533/- | 3020000/- | 1340492/- | 1040000/- |
| ആകെ | 59600000/- | 33840000/- | 10000000/- | 2780000/- |

എസ്.സി വിഭാഗത്തിൽ പന്ത്രണ്ട് പേർ എഗ്രിമെന്റ് വച്ചുവെങ്കിലും ആറു പേർ മാത്രമാണ് തൻവർഷം പണി പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയത്. ആദ്യ ഗഡുമാത്രം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | വിജയമ്മ, ബംഗ്ളാവിൽ കിഴക്കതിൽ, തെക്കുംമുറി മേക്ക്, xvii | 40000/- | 21.02.19 |
| 2 | ഓമന, തറയിൽ പുത്തൻ വീട്, തഴവ, xxii | 40000/- | 2.11.18 |

ജനറൽ വിഭാഗത്തിൽ 135 പേർ എഗ്രിമെന്റ് വച്ച് പണി തുടങ്ങിയെങ്കിലും 43 പേർ മാത്രമാണ് തൻവർഷം പണി പൂർത്തീകരിച്ചത്. ആദ്യ ഗഡുമാത്രം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | സരളാ ദേവി, ആശാന്റയ്യത്ത്, കുതിരപ്പന്തി, xvii | 40000/- | 30.7.18 |
| 2 | ഇസ്മായിൽ കുഞ്ഞ്, കൊപ്രത്ത് വടക്കതിൽ, iv | 40000/- | 13.8.18 |

മേൽ ചേർത്ത ഗുണഭോക്താക്കളെക്കൊണ്ട് പണി പൂർത്തീകരിപ്പിക്കുകയോ അല്ലാത്ത പക്ഷം തുക പലിശ സഹിതം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-8 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി-അവലോകനം

2018-19 സാമ്പത്തിക വർഷം 465 പ്രവൃത്തികളാണ് തൊഴിലുറപ്പ പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുത്ത് നടപ്പിലാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | ചെലവഴിച്ച തുക | എണ്ണം |
|---|---|---|---|
| 1 | വരൾച്ച നിർമ്മാർജ്ജനം | 28,869/- | 3 |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 4,77,686/- | 3 |
| 3 | സൂക്ഷ്മ ജലസേചന പദ്ധതികൾ | 3,33,367/- | 3 |
| 4 | ലൈഫ് ഭവന നിർമ്മാണം | 28,36,969/- | 163 |
| 5 | കിണർ നിർമ്മാണം | 7,35,658/- | 34 |
| 6 | ഭൂവികസനം | 14,50,006/- | 18 |
| 7 | ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 7,03,721/- | 14 |
| 8 | ശുചിത്വ കക്കൂസ് നിർമ്മാണം | 51,600/- | 46 |
| 9 | ജലസംരക്ഷണം | 5,01,95,295/- | 181 |
| ആകെ | | 5,68,13,171/- | 465 |

സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികളുടെ വേതനമിനത്തിൽ 8,87,953/- രൂപയും സാധന ഘടകങ്ങൾക്കായി 18,96,047/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

2018-19 ൽ രജിസ്റ്റർ ചെയ്ത 339 കുടുംബങ്ങൾ ഉൾപ്പെടെ 6248 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 3246 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. 204217 തൊഴിൽ ദിനങ്ങളാണ് തൻവർഷം സൃഷ്ടിക്കപ്പെട്ടത്. ശരാശരി 62.91 തൊഴിൽ ദിനങ്ങൾ ഉണ്ടായി. 575 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകിയിട്ടുണ്ട്.

## 3-9 പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതുജനങ്ങൾക്ക്

പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയ്യേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്ട്സ് ബുക്കിൽ താഴെ രേഖപ്പെടുത്തിയ ചെലവുകൾക്ക് തീരുമാനങ്ങൾ എടുത്തതായും വിവിധ വൗച്ചറുകൾ പ്രകാരം തുക ചെലവഴിച്ചതായും കാണുന്നു.

1. ഗ്രാമപഞ്ചായത്തിലെ 22-ാം വാർഡിൽ സർവേ നമ്പർ 333/6-ൽ പെട്ട പുറമ്പോക്ക് ഭൂമി കയ്യേറ്റക്കാരിൽ നിന്ന് ഒഴിപ്പിക്കുന്നതിനായി ജെ.സി.ബി. വാടക ഇനത്തിൽ 2750/- രൂപ 21800202/28.6.18-ാം നമ്പർ വൗച്ചർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

2. ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ സർവേ നമ്പർ 214/5 - ൽ പെട്ട പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് 720/- രൂപ 21800249/11.7.18-ാം നമ്പർ വൗച്ചർ പ്രകാരം തഹസീൽദാർക്ക് നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്.

3. ഗ്രാമപഞ്ചായത്തിലെ 22-ാം വാർഡിൽ സർവേ നമ്പർ 336/11 - ൽ പെട്ട പുറമ്പോക്ക് ഭൂമിയിൽ സർവ്വേക്കല്ല് ഇടുന്നതിനായി ജോലിക്കൂലി 2,600/- രൂപ 21800369/22.8.18-ാം നമ്പർ വൗച്ചർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

4. 5-ാം വാർഡ് പാറപ്പുറം മുളയ്ക്കാട്ട് ചിറ റോഡ് ശാഖാ വഴിയുടെ അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് അതിരുകൾ പുനർ നിർണയിക്കുന്നതിന് 21800968/18.03.19-ാം നമ്പർ വൗച്ചർ പ്രകാരം 320/- രൂപ തഹസീൽദാർക്ക് നൽകിയിട്ടുണ്ട്.

5. 471/1,473/14 എന്നീ സർവേ നമ്പരുകളിലുള്ള പുറമ്പോക്കു ഭൂമിയുടെ അതിരുകൾ അളന്ന് തിട്ടപ്പെടുത്തുന്നതിന് 21800570/2.11.18-ാം നമ്പർ വൗച്ചർ പ്രകാരം 3680/- രൂപ തഹസീൽദാർക്ക് നൽകിയിട്ടുണ്ട്.

6. 2019-2020 സാമ്പത്തിക വർഷത്തേക്കുള്ള പൊതു ലേല പരസ്യത്തിൽ ഏഴീത്തോട് പുറമ്പോക്കു സ്ഥലവും ലേലം ചെയ്യുവാനായി ഗ്രാമപഞ്ചായത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വികസനസാധ്യതകൾക്ക് പ്രയോജനപ്പെടുത്തുവാൻ ലഭ്യമായ ഈ പുറമ്പോക്ക് ഭൂമികളുടെ കൃത്യമായ വിവരം നിലവിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഭൂമിയുടെ രേഖകളുടെ കൃത്യത ബോധ്യപ്പെടാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം, നിർമ്മാണ പ്രവർത്തനങ്ങൾ, കൈയേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുമെന്നതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.

ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെ സംരക്ഷണം, നിബന്ധനകൾ സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 16.05.2018 ലെ സി2/15471/2018 നം. സർക്കുലറിലെ നിർദ്ദേശങ്ങൾ കർശ്ശനമായി പാലിയ്ക്കേണ്ടതാണ്. മുഴുവൻ പുറമ്പോക്കു ഭൂമിയുടെയും വിവരങ്ങൾ ഉൾപ്പെടുത്തി പുറമ്പോക്കു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 3-10 കേരള വാട്ടർ അതോറിറ്റിക്ക് 8,61,453/- രൂപ വെള്ളക്കരം കുടിശ്ശിക

ഗ്രാമപഞ്ചായത്തിൽ വെള്ളക്കരമിനത്തിൽ മാർച്ച് 2019 വരെ 8,61,453/- രൂപ കുടിശ്ശികയുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം അതാത് മാസം വാട്ടർചാർജ്ജ് ഒടുക്കു വരുത്തുകയാണ് ചെയ്യുന്നത്. Rate/tap/year 5,250/- രൂപയാണ്. ഫൈൻ ആയി 2% തുക മാസം തോറും ഉൾപ്പെടുത്തുകയും ചെയ്യുന്നു.

എല്ലാ മാസവും വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരമിനത്തിൽ തുക പഞ്ചായത്ത് ഒടുക്കു വരുത്തുന്നുണ്ടെങ്കിലും വെള്ളക്കരം കുടിശ്ശിക ഭീമമായി നിലനിൽക്കുന്ന അവസ്ഥയാണുള്ളത്.

2018-19 വർഷം 16,32,750/-രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ആവശ്യമില്ലാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി .

പഞ്ചായത്തിൽ വർഷങ്ങളായി ഗാർഹിക കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നു. ഗാർഹിക കണക്ഷനും നൽകി വരുന്നു. ആയതിനാൽ വാർഡുകളിലെ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ കണക്ഷനുകൾ ഒഴിവാക്കി പഞ്ചായത്തിലെ ഭീമമായ ബാധ്യത ഒഴിവാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള ഡിമാന്റ് നോട്ടീസിലെ തുകകൾ ഗ്രാമപഞ്ചായത്ത് ഒടുക്കിയ തുക കിഴിച്ചും ടാപ്പുകളുടെ എണ്ണം കണക്കാക്കിയുള്ളതാണെന്നും ഉറപ്പുവരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം-23/1.07.19**

## 3-11 പേറിവിഷൻ അരിയർ - തുക ക്രമീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 21.03.14 ലെ ജി.ഒ.(ആർ.ടി.) 834/14-ാം നമ്പർ ഉത്തരവ് പ്രകാരം പേറിവിഷൻ കുടിശ്ശിക അർഹമായ കാലയളവിൽ ജോലി നോക്കിയ ഗ്രാമപഞ്ചായത്തിൽ നിന്നാണ് കൈപ്പറ്റേണ്ടത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.07.15 മുതൽ 2016 വരെയുള്ള പേറിവിഷൻ കുടിശ്ശിക 14,675/- രൂപ 8.3.19 ലെ 21800978-ാം നമ്പർ വൗച്ചർ പ്രകാരം മാറിയിട്ടുണ്ട്. എന്നാൽ ടി കാലയളവിൽ സെക്രട്ടറി മയ്യനാട് ഗ്രാമപഞ്ചായത്തിലാണ് ജോലിചെയ്തിരുന്നത്. ആയതിനാൽ തുക മയ്യനാട് ഗ്രാമപഞ്ചായത്തിൽ നിന്നാണ് മാറേണ്ടിയിരുന്നത്. തഴവ ഗ്രാമപഞ്ചായത്തിൽ നിന്ന് മാറിയ 14,675/- രൂപ ക്രമീകരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-12 തെരുവുവിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

തെരുവുവിളക്ക് പരിപാലനത്തിന് അടാട്ട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മാതൃക അവലംബിക്കുന്ന ഇതര ഗ്രാമപഞ്ചായത്തുകൾക്കായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ നിർദ്ദേശങ്ങൾ പാലിച്ച് തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധമായി നിർദ്ദിഷ്ട മാതൃകയിലുള്ള രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തി. അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകളുടെ പരിപാലനം നടത്തുന്നത് സംബന്ധമായി പഞ്ചായത്ത് ഡയറക്ടർ

പുറപ്പെടുവിച്ച 17.8.15 ലെ ജി2-44274/15നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളതായോ രേഖകൾ സൂക്ഷിച്ചിട്ടുള്ളതായോ കാണുന്നില്ല. വാർഡ്തല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്നും കേടായ സാധനങ്ങൾ അതത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് 'രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് ' എന്ന രജിസ്റ്ററിൽ ചേർക്കണമെന്നും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള 'സ്റ്റോക്ക് ഇൻ രജിസ്റ്റർ ' ഉം ' സ്റ്റോക്ക് ഔട്ട് രജിസ്റ്റർ ' ഉം റീക്കൺസൈൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണമെന്നുമുള്ള പ്രസ്തുത മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം തെരുവുവിളക്കുകൾ റിസർവായി കരുതാവുന്നതാണെന്നും പ്രസ്തുത മാർഗരേഖയിൽ വ്യക്തമാക്കുന്നു. എന്നാൽ അത്തരം വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ വ്യക്തമാക്കി കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും അസി.എഞ്ചിനിയർ നൽകിയ താരിഫ് ചാർട്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഏതേതിനം തെരുവ് വിളക്കുകൾ എത്രയെണ്ണം വീതം കണക്കാക്കിയാണ് പരിഷ്കരിച്ച താരിഫ് പ്രകാരം തുക ഈടാക്കുന്നതെന്ന് വ്യക്തമല്ല. കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരെ കൂടി പങ്കെടുപ്പിച്ച് മാസത്തിലൊരിയ്ക്കൽ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

തെരുവുവിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിയ്ക്കുകയും ചെയ്യുക എന്ന ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലാ നിർവഹണത്തിന്റെ ഭാഗമായ തെരുവുവിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ, പരിപാലനം, പരിഷ്കരിച്ച താരിഫ് പ്രകാരമുള്ള തുക ഒടുക്കൽ എന്നീ ഘടകങ്ങൾക്കായി മാനദണ്ഡങ്ങൾ പാലിച്ച് തുക ചെലവഴിയ്ക്കുവാനും ചെലവുകളെ സാധൂകരിയ്ക്കുന്ന രേഖകളും രജിസ്റ്ററുകളും പരിപാലിയ്ക്കുവാനുമുള്ള നടപടികൾ സ്വീകരിയ്ക്കുവാൻ പൊതുഭരണ ചുമതലയുള്ള ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും വൈദ്യുതി എന്ന വിഷയമേഖല കൈകാര്യം ചെയ്യുന്ന വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണ നിർവഹണാധികാരികളും ശ്രദ്ധിക്കേണ്ടതാണ്.

## 3-13 പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് വിവരങ്ങൾ | അടങ്കൽ | ബിൽ നം തീയതി | ചെലവഴിച്ച തുക (രൂപ) | തുക നൽകിയിരിക്കുന്നത് |
|---|---|---|---|---|---|
| 1 | 22 പോസ്റ്റ് ഷിഫ്റ്റിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-2,70,400/- തനത് ഫണ്ട്-1,00,000/- | 16/18-19/31-08-2018 24,553/- 17/18-19/31-08-2018 | 3,43,617/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-2,70,400/- തനത് ഫണ്ട്-73,217/-) | കെ.എസ്.ഇ.ബി |

| | | | | | |
|---|---|---|---|---|---|
| | | | 30,910/-<br>18/18-19/31-08-2018<br>14,700/-<br>27/18-19/24-02-2019<br>16,993/-<br>38/18-19/30-01-2019<br>33,970/-<br>39/18-19/19-02-2019<br>35,609/-<br>41/18-19/20-02-2019<br>10,387/-<br>28/18-19/24.11.18,<br>19862/-<br>33/18-19/17.12.18,<br>83416/-<br>21801127/27.03.19<br>73,217/-<br>21800847/22.12.18<br>49,526/- | | |
| 2 | 148<br>84-ാം അങ്കണവാടി കെട്ടിട നിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-3,48,000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം-2,32,000/- | 47/18-19/19-03-2019<br>3,48,000/-<br>21801028/22.03.19<br>2,32,000/- | 5,80,000/- | PWD ബിൽഡിംഗ് |
| 3 | 151<br>75-ാം അങ്കണവാടി കെട്ടിട നിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-3,48,000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം-2,32,000/- | 48/18-19/19-03-2019<br>3,48,000/-<br>21801029/22.03.19<br>2,32,000/- | 5,80,000/- | |
| 4 | 152<br>108-ാം അങ്കണവാടി | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-4,80,000/- | 49/18-19/19-03-2019<br>4,80,000/- | 8,00,000/- | |

| | | | | | |
|---|---|---|---|---|---|
| | കെട്ടിട നിർമ്മാണം | ജില്ലാ പഞ്ചായത്ത് വിഹിതം-3,20,000/- | 21801027/22.03.19 3,20,000/- | | |
| ആകെ | | | | 23,03,617/- | |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ലന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്നും മറുപടി ലഭ്യമാക്കി. പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവഴിച്ച 23,03,617/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**തടസ്സം-23,03,617/- രൂപ**

**ഓഡിറ്റ് എൻക്വയറി-27/1.07.19**

## 3-14 പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

ഗ്രാമപഞ്ചായത്തിലെ മണപ്പള്ളി, കടത്തൂർ എന്നീ വാർഡുകളിലായി രണ്ട് ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് ഓരോ പാർട്ട് ടൈം ലൈബ്രേറിയന്റെ സ്ഥിരം സേവനം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നിലവിലെ ഗ്രന്ഥശാലകൾ വായനശാലയുടെ പ്രയോജനം മാത്രമേ പൊതുജനങ്ങൾക്ക് നൽകുന്നുള്ളൂ. രണ്ട് ലൈബ്രറികളിലും പുസ്തകങ്ങളുടെ എണ്ണം പരിമിതമാണ്. പുതിയ പുസ്തകങ്ങളുടെ അഭാവം കാരണം അംഗത്വമെടുക്കുന്നവരുടെ എണ്ണം വളരെ കുറവും തൻമൂലം വരവും കാര്യമായില്ല. മണപ്പള്ളിയിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം ശോചനീയമാണ്. ലൈബ്രറിയുടെ നിലവിലെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും അംഗങ്ങളെ ആകർഷിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളുടെ വർദ്ധന, പുതിയ പുസ്തകങ്ങളുടെ വർദ്ധന എന്നിവ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധയിൽ വെയ്ക്കേണ്ടതും പദ്ധതി രൂപീകരണ വേളയിൽ ആയത് പരിഹരിക്കുന്നതിന് ശ്രമിക്കേണ്ടതുമാണ്.ലൈബ്രറി കൗൺസിലിൽ അംഗത്വം എടുക്കേണ്ടതും അവിടെ നിന്നുള്ള ഗ്രാന്റ് പ്രയോജനപ്പെടുത്തി പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-15 അളവു പുസ്തകത്തിൽ യഥാർത്ഥ അളവുകൾ രേഖപ്പെടുത്തുന്നില്ല.

കുററിപ്പുറം മാർക്കറ്റ്-പാലശ്ശേരി റോഡ്, തീപ്പരമുക്ക്-ആലംകോട് ജംഗ്ഷൻ റോഡ് എന്നീ മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥല പരിശോധനയിൽ എസ്റ്റിമേറ്റ്, എം ബുക്ക് എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ അളവുകളിൽ കവറിംഗ് സ്ലാബുകൾ നിർമ്മിച്ചിരിക്കുന്നതായി കാണുന്നു. കൂടാതെ ഓടയുടെ ചില ഭാഗങ്ങളിൽ സ്ലാബിടാതെയും സ്വകാര്യവ്യക്തികളുടെ വീട്ടിലേക്കുള്ള കവാടത്തിൽ വലിയ അളവിലുള്ള സ്ലാബുകൾ ഇടുകയും ചെയ്തിട്ടുണ്ട്. ആകെ ക്വാണ്ടിറ്റിയിൽ വ്യത്യാസമുണ്ടാകുന്നില്ലെങ്കിലും ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകൾ ഒഴിവാക്കേണ്ടതാണ്. വിശദവിവരം താഴെചേർക്കുന്നു

1. <u>കുറ്റിപ്പുറം മാർക്കറ്റ്-പാലശ്ശേരി റോഡ്, ഓട</u>

<u>എം ബുക്ക്, എസ്റ്റിമേറ്റ് എന്നിവ പ്രകാരമുള്ള അളവ് :-</u>

50cm വീതി , 75cm നീളം, 15cm ഉയരം എന്നീ അളവിലുള്ള 150 സ്ളാബുകൾ

<u>നിർമ്മിച്ചസ്ളാബുകൾ:-</u>

50cm വീതിയും 15cm ഉയരവുമുള്ള വിവിധ നീളത്തിലുള്ള 9 സ്ളാബുകൾ (3.10 മീറ്റർ, 2.55മീറ്റർ ,4.98 മീറ്റർ, 2 .98 മീറ്റർ, 2.12 മീറ്റർ, 5മീറ്റർ (3എണ്ണം).

2)<u>തീപ്പര പള്ളിമുക്ക്-ആലങ്കോട്ജംഗ്ഷൻ -ഓടനിർമ്മാണം</u>

<u>എം ബുക്ക്, എസ്റ്റിമേറ്റ് എന്നിവ പ്രകാര മുള്ള അളവ് :-</u>

50cm വീതി, 15cm നീളം 15 കനത്തിലുള്ള 62 സ്ളാബുകൾ

<u>നിർമ്മിച്ച സ്ളാബുകൾ:-</u>

50cm വീതിയും 15cm ഉയരവുമുള്ള വിവിധ നീളത്തിലുള്ള സ്ളാബുകൾ. നിർമ്മാണസമയത്ത് പ്രതികൂലമായി ബാധിക്കുമെന്നതിനാലും സ്വകാര്യ വ്യക്തികളുടെ വീടുകളിലേക്കുള്ള കവാടങ്ങളിൽ സ്ളാബുകൾ ഇട്ടിട്ടുള്ളതിനാൽ ഭാവിയിൽ തർക്കമുണ്ടാകാനുള്ള സാധ്യതയുള്ളതിനാലും പഞ്ചായത്തിൽ നിന്നും നിർമ്മിച്ചിട്ടുള്ള സ്ലാബുകളുടെ എണ്ണവും അളവും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
**ഓഡിറ്റ് എൻക്വയറി നം. – 21/18-19**

## 3-16 അഗതിരഹിത കേരളം -രജിസ്റ്ററുകളും രേഖകളും അപൂർണം

ആശ്രയപദ്ധതി – ഭവനപദ്ധതി തുക വിതരണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പ്രോജകട് നം. - എസ്.ഒ 168/19
അടങ്കൽ – 7,00,000/- രൂപ, ചെലവ് – 99,997/- രൂപ
പ്രോജക്ട്- 79/19
അടങ്കൽ – 7,00,000/- രൂപ, ചെലവ് – 5,95,000/- രൂപ

നിർവഹണോദ്യഗസ്ഥൻ – അസി.സെക്രട്ടറി

2018-19 വർഷം അഗതിരഹിത കേരളം എന്ന പദ്ധതിയിൽ വിവിധ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനുള്ള ഗഡുക്കൾ നല്കിയതുമായി ബന്ധപ്പെട്ട് വിശദ വിവരങ്ങൾ, വിതരണ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്യുന്ന വിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോഗുണഭോക്താവും എത്ര ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമല്ല. ഒരു ഗുണഭോക്താവിന് 4 ലക്ഷം രൂപ ക്രമത്തിൽ ഗഡുക്കളായി തുക നല്കി വരുന്നു.

| പ്രോജക്ട് നം | ഗുണഭോക്താവിന്റെ വിവരം | തുക | ഗഡു | ബിൽനംതീയതി |
|---|---|---|---|---|
| 79/18-19 | തങ്കമണി | 1,00,000/- | 2 | 4/19/11-6-18 |
| ടി | തങ്കമണി | 1,50,000/- | 3 | 5/20-7-18 |

| | | | | |
|---|---|---|---|---|
| എസ്.ഒ.168/19 | ശശിധരൻപിള്ള | 99,997/- | 1 | 2/2-5-18 |
| 79/18-19 | ശശിധരൻപിള്ള | 1,00,000/- | 2 | 7/25-10-18 |
| ടി | തങ്കമണി | 50,000/- | 4 | 10/19-10-18 |
| ടി | ശശിധരൻപിള്ള | 1,50,000/- | 3 | 10/19-10-18 |
| ടി | ശശിധരൻപിള്ള | 45,000/- | 4 | 13/18-19,31-1-19 |

അപേക്ഷയോടൊപ്പം ധനസഹായം നല്കിയതിന്റെ മുഴുവൻ വിവരങ്ങളും സൂക്ഷിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഭവനനിർമ്മാണത്തിന് ഓരോ ഗുണഭോക്താവിനും ആകെ ലഭിച്ച തുകയുടെ കൃത്യത ബോധ്യപ്പെടാൻ സാധിച്ചിട്ടില്ല. ടി പ്രോജക്ടുകൾ പ്രകാരം വിതരണം നടത്തിയ തുകയുടെ വിതരണ രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 3-17 ഗാർഹിക കുടിവെള്ള കണക്ഷൻ -സബ്സിഡി അധികം നൽകി

പ്രോജക്ട് നം - 166/18-19

അടങ്കൽ - 2,25,000/-

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റൻറ് സെക്രട്ടറി

ഗാർഹിക കുടിവെള്ളഗാർഹിക കണക്ഷൻ എന്ന പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് യഥാർത്ഥത്തിൽ ചെലവായതുക സബ്സിഡി നല്കാവുന്നതാണ്. എന്നാൽ ഗുണഭോക്താക്കൾക്ക് യഥാർത്ഥത്തിൽ ചെലവഴിച്ച തുകയെക്കാൾ അധികമായി സബ്സിഡി അനുവദിച്ചിട്ടുണ്ട്. ചവറ പി.എച്ച് ഡിവിഷനിലെ അസി. എഞ്ചിനീയർ നല്കിയ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയിൽ നിന്നും അധികരിച്ചു നല്കിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്നമ്പർ | ഗുണഭോക്താവിന്റെ പേര് വിവരം | ഗുണഭോക്താവിന് നല്കിയതുക | സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുക | അധികം നല്കിയതുക | ബിൽ നമ്പർ |
|---|---|---|---|---|---|---|
| 1 | 166/18-19 | നളിനി പവിഴം മണപ്പള്ളി | 7,500/- | 6,718/- | 782/- | 3/18-19/12-6-18 |
| 2 | 166/18-19 | സൂര്യകുമാർ മണപ്പള്ളി | 7,500/- | 6,718/- | 782/- | ടി |
| 3 | 166/18-19 | ജനിമോൾ തട്ടാരയ്യത്ത് | 7,500/- | 7,358/- | 142/- | ടി |
| 4 | 166/18-19 | ശാരദ | 7,500/- | 6,718/- | 782/- | ടി |

ആകെ 2,488/- രൂപ

ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 2,488/- രൂപ

## 3-18 യോഗാ പരിശീലനം-പരിശീലനാർത്ഥികളുടെ വിവരം സൂക്ഷിച്ചിട്ടില്ല.

വനിതകൾക്ക് യോഗാപരിശീലനം ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല.

പ്രോജക്റ്റ് നം. - 107/19

അടങ്കൽ – 1,20,000/- രൂപ

പഞ്ചായത്തിലെ വനിതകൾക്ക് യോഗാ പരിശീലനം നല്കുന്നതിനായി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്റ്റിന് പഞ്ചായത്ത് പത്രപരസ്യം വഴി പരിശീലകയായി തെരഞ്ഞെടുത്ത ശ്രീമതി നീതാലക്ഷ്മി യോഗാക്ലാസുകൾ നടത്തി വരുന്നു. 18-19 സാമ്പത്തിക വർഷം ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ യഥാക്രമം 8, 21, 21 ദിവസങ്ങൾ പരിശീലനം നടത്തിയതിന് ബിൽ നം-50/18-19 പ്രകാരം 1,24,000/- രൂപയും 1/19-20 പ്രകാരം 7,600/- രൂപയും പ്രതിഫലം നൽകിയിട്ടുണ്ട്. ഹാജർ ബുക്കിൽ പരിശീലനാർത്ഥികളുടെ പേര് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ടിയാളുകളെ സംബന്ധിച്ച് യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ 2018-19 വർഷം ചെലവായ 1,24,000/- രൂപ തടസപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം. – 4/18-19, 21-6-19.**

## 3-19 ഒരേ പ്രവർത്തിക്കു രണ്ടു പദ്ധതികളും, രണ്ടു ടെണ്ടറുകളും

ഒരേ പ്രവൃത്തി രണ്ട് പദ്ധതികളിലായി ടെണ്ടർ നടത്തി വ്യത്യസ്ത റേറ്റിൽ വർക്ക് നടത്തി പൂർത്തീകരിക്കുന്നതായി കാണുന്നു. രണ്ടാംഘട്ടത്തിൽ ആദ്യത്തേതിൽ നിന്നും ഉയരുന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഒരു കരാറുകാരൻ തന്നെയാണ് രണ്ട് ഘട്ടങ്ങളും നടത്തുന്നതെങ്കിലും ആദ്യത്തെ റേറ്റിൽ തന്നെ കരാറുകാരനെക്കൊണ്ട് വർക്ക് ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഉദാഹരണമായി പറമ്പിമുക്ക് – രഘുഭവനം റോഡ്, കുറ്റിപ്പുറം മാർക്കറ്റ് – പാലശ്ശേരി റോഡ് എന്നീ റോഡുകളിൽ രണ്ട് ഘട്ടമായിട്ടാണ് വർക്ക് പൂർത്തീകരിച്ചത്. ഒരേ കരാറുകാരന് തന്നെയാണ് പ്രവർത്തി നടത്തിയതെങ്കിലും ആദ്യത്തേതിൽ നിന്നും വളരെ കുറഞ്ഞ നിരക്കിലാണ് രണ്ടാമത്തെ ഘട്ടത്തിന് നിരക്ക് ക്വാട്ട് ചെയ്ത് പ്രവർത്തി നടത്തിയിട്ടുള്ളത്. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുകയാണുണ്ടായതെന്നും ഫണ്ട് ലഭ്യമായപ്പോൾ ബാക്കി ഭാഗം കൂടി കമ്മറ്റി തീരുമാന പ്രകാരം ടെണ്ടർ ചെയ്ത് നടപ്പാക്കുകയായിരുന്നു എന്നും മറുപടി ലഭ്യമാക്കി. നിർവ്വഹണോദ്യോഗസ്ഥൻ പ്രവൃത്തി ആരംഭിക്കുന്നതിനും പ്രോജക്റ്റ് നടപ്പിലാക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

| | |
|---|---|
| 1). ഫറമ്പിമുക്ക് - രഘുഭവനം റോഡ് കോൺക്രീറ്റിംഗ്<br>പദ്ധതിനമ്പർ- 61/18-19 | പറമ്പിമുക്ക് - രഘുഭവനം റോഡ് കോൺക്രീറ്റിംഗ്<br>പദ്ധതിനമ്പർ - 231/18-19 |

| | |
|---|---|
| എസ്ററിമേററ്-2,00,000/-<br>ഫണ്ട്- cfc-1,00,000/-<br>തനതുഫണ്ട് – 1,00,000/-<br>കരാറുകാരൻ - സദാനന്ദൻ<br>ടെണ്ടർ - 17% below<br>എം-ബുക്ക്നം - 224/18-19<br>ബിൽ നമ്പർ - 44/18-19, 31-12-19<br>തുക – 1,65,038/- | എസ്ററിമേററ് - 66,479/-<br>കരാറുകാരൻ - സദാനന്ദൻ<br>ടെണ്ടർ - 0.004%below<br>എം-ബുക്ക്നം – 386/18-19<br>ബിൽനം. - 62/18-19<br>തുക – 64,324/- |
| 2.കുറ്റിപ്പുറംമാർക്കറ്റ് -പാലശേരിറോഡ് മെറ്റലിംഗ്, ടാറിംഗ്<br>പദ്ധതി നം199/19<br>ഫണ്ട്എസ്റ്റിമേറ്റ്-8,67,682/- (എസ്റ്റി.റേറ്റ്)<br>കരാറുകാരൻ-ശശിധരൻ<br>എംബുക്ക് - 105/17-18<br>ടെണ്ടർ-തുക-8,67,681.73/-<br>ബിൽ നം-56/18-19, തുക-2,12,000/- | 2.കുറ്റിപ്പുറം മാർക്കറ്റ്-പാലശേരിറോഡ് മെറ്റലിംഗ്, ടാറിംഗ്<br>പദ്ധതി നം- 211/18-19<br>എസ്റ്റിമേറ്റ്-2,00,000/-<br>കരാറുകാരൻ-ശശിധരൻ<br>ടെണ്ടർതുക-199,809/- (0.095below)<br>എംബുക്ക്നം-261/17-18<br>ബിൽനം- 61/18-19, 13-3-19, തുക-43,987/- |

**ഓഡിറ്റ് എൻക്വയറി നം. – 22/29.06.2019**

## 3-20 കുടിവെള്ള പദ്ധതി നിർമ്മാണം ആരംഭിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട് - വികസനഫണ്ട് (എസ്.സി.പി)

ബിൽനം. - 11/18-19, 19-1-2019 (2,00,000/- രൂപ)

ബിൽ നം. – 12/18-19, 19-1-2019 (1,40,000/-രൂപ)

സെക്രട്ടറിയുടെ 2-7-2018- ലെ 4277-ാം നമ്പർ കത്തിൽ ആവശ്യപ്പട്ടത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ആകെ 3,40,000/-രൂപ വാട്ടർ അതോറിറ്റിയും . ഇപ്രകാരം പ്രോജക്ട് നമ്പർ-117/19-കടമ്പാട്ട് കോളനി കുടിവെള്ള പദ്ധതിക്ക് 2,00,000/- രൂപയും പ്രോജക്ട് നമ്പർ 138/19-നിലയാടിശേരി കോളനി കുടിവെള്ള പദ്ധതിക്ക് 1,40,000/- രൂപയും 21-1-19-ൽ ചവറ

പി.എച്ച്. ഡിവിഷൻ ഓഫീസ് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്.ബി.ഐ അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. (67000044164). ടി4-2236/18, 1-7-19 കത്ത് പ്രകാരം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതുവരെ പദ്ധതി ആരംഭിച്ചില്ലെന്ന് സെക്രട്ടറി നേരിൽ ബോദ്ധ്യപ്പെടുത്തി. പദ്ധതി നടപ്പിലാക്കി കോളനികളിൽ കുടിവെള്ളം വിതരണം ലഭ്യമാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതുവരെ 3,40,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-21 ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ മരുന്നുകൾ ലഭ്യമായില്ല.

ആയുർവേദ ഡോക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ താഴെ പറയുന്ന വിവിധ പ്രോജക്ടുകളിലായി വാങ്ങിയ മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല.

| പ്രോജക്ടിന്റെ പേര്/ അടങ്കൽ | പ്രോജക്ടിന്റെ പേര് | ബിൽ നം./ തീയതി | തുക (രൂപ) | ലഭിച്ച മരുന്നിന്റെ വില (രൂപ) | ലഭിക്കാനുള്ള മരുന്നിന്റെ വില (രൂപ) |
|---|---|---|---|---|---|
| 1. S.O-13/19 ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ, 7 ലക്ഷം രൂപ | a)ആയുർവേദാശുപത്രിക്ക് മരുന്നു വാങ്ങൽ, | 2/18-19 27-10-19 | 4,00,000/- | 3,17,820/- | 82,180/- |
| | b) സബ്സെന്ററിന് മരുന്ന് വാങ്ങൽ, | 2/18-19 7-10-19 | 2,00,000/- | 1,60,197/- | 39,803/- |
| | c) പകർച്ചവ്യാധി നിയന്ത്രണം | 2/18-19 27-10-19 | 1,00,000/- | 61,006/- | 38,994/- |
| 2. 101/19 സമഗ്ര വൃദ്ധജനാരോഗ്യ പദ്ധതി, 6,65,000/- | a) സമഗ്ര വൃദ്ധജനാരോഗ്യ പദ്ധതി | 3/18-19 27-10-18 | 3,90,000/- | 3,56,452/- | 33,548/- |
| | b) E.O.P (Extension O.P) | - | 2,60,000/- | 2,35,381 | 24,619/- |
| 3) s.o-14/19 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ | 4/18-19 29-11-18 | 25,000/- | ---- | 25,000/- |

| | | | | | |
|---|---|---|---|---|---|
| ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ | | | | | |
| | | ആകെ | 13,75,000/- | 11,30,856/- | 2,44,144/- |

മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിൽ ഉൾപ്പെടുത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 15,72,500/- | സമഗ്ര നെൽകൃഷി വികസനം | 15,72,500/- | 0 |
| | | 49,22,357/- | ലൈഫ് ഭവന പദ്ധതി | 40,60,000/- | 8,62,357/- |
| | | 4,00,000/- | പോഷകാഹാരം | 4,00,000/- | 0 |
| | | 3,00,000/- | സ്കോളർഷിപ്പ് | 3,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 15,72,500/- | സമഗ്ര നെൽകൃഷി വികസനം | 15,72,500/- | 0 |
| | | 27,60,334/- | ലൈഫ് ഭവന പദ്ധതി | 18,24,000/- | 9,36,334/- |
| | | 2,00,000/- | പോഷകാഹാരം | 2,00,000/- | 0 |
| | | 2,20,000/- | സ്കോളർഷിപ്പ് | 2,00,600/- | ബാലൻസ് 19,400/- തിരിച്ചടച്ചു. |
| | | 19,44,000/- | അങ്കണവാടി നിർമ്മാണം | 7,84,000/- | 11,60,000/- |
| | | 8,00,000/- | പാലിന് സബ്സിഡി | 8,00,000/- | 0 |
| | | 1,70,000/- | അഗതി | 0 | 1,70,000/- |

| | | | | | |
|---|---|---|---|---|---|
| | | | ആശ്രയ | | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ് .ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംങ് | 16/18-19/31-08-2018 | 24,553/- | 3,43,617/- | 0 | 3,43,617/- |
| | | 17/18-19/31-08-2018 | 30,910/- | | | |
| | | 18/18-19/31-08-2018 | 14,700/- | | | |
| | | 27/18-19/24-02-2019 | 16,993/- | | | |
| | | 38/18-19/30-01-2019 | 33,970/- | | | |
| | | 39/18-19/19-02-2019 | 35,609/- | | | |
| | | 41/18-19/20-02-2019 | 10,387/- | | | |
| | | 21801127/27.03.19 | 73,217/- | | | |
| പി.ഡബ്ളിയു. ഡി. ബിൽഡിംങ് | 84-ാം അങ്കണവാടി കെട്ടിട നിർമ്മാണം | 47/18-19/ 19-03-19 | 3,48,000/- | 5,80,000/- | 0 | 5,80,000/- |
| | | 21801028/22.03.19 | 2,32,000/- | | | |
| | 151 75-ാം അങ്കണവാടി കെട്ടിട നിർമ്മാണം | 48/18-19/19-03-2019 | 3,48,000/- | 5,80,000/- | 0 | 5,80,000/- |
| | | 21801029/22.03.19 | 2,32,000/- | | | |
| | 152 108-ാം അങ്കണവാടി കെട്ടിട നിർമ്മാണം | 49/18-19/19-03-19 | 4,80,000/- | 8,00,000/- | 0 | 8,00,000/- |
| | | 21801027/22.03.19 | 1,40,000/-3,20,000/- | | | |
| കേരള വാട്ടർ അതോറിറ്റി | നിലയാടിശ്ശേരി കടിവെള്ള പദ്ധതി | 21801386/19.01.19 | 1,40,000/- | | 0 | 1,40,000/- |

| | | | | | |
|---|---|---|---|---|---|
| | കടമ്പാട്ട് കോളനി കുടിവെള്ള പദ്ധതി | 21801387/19.01.19 | 2,00,000/- | 0 | 2,00,000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 22972213/-രൂപ വരവുണ്ട്. മുൻബാക്കി 1000/- രൂപ ഉൾപ്പെടെ 22973213/-രൂപയിൽ 22940000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | GO(MS)68/18/ എൽ.എസ്.ജി.ഡി 18-05-2018, | 22972213/- | 22972213/- | 0 | 0 | 22972213/- |
| ഇ.എം.എസ് | ----- | ----- | 1,000/- | 0 | 0 | 1,000/- |
| | | | | | ആകെ | 22973213/- |

.

## 4-5 സ്ഥിര നിക്ഷേപം

സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,060/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-2016 | 2-1 | 660/- | ശ്രീ.തുളസീധരൻ | 118020100111/ 18-04-2018 |
| 2017-2018 | 2-3 | 250/- | ശ്രീമതി.മുഹസിന | 118020102275/ 25-09-2018 |
| | | 150/- | പ്രിൻസിപ്പൽ, ശ്രീനാരായണ സ്കൂൾ | 118020102283/ 26-09-2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2.1 | 2016-17 | 2.1 | തൊഴിൽ നികുതി | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരിൽ നിന്നും തുക ഈടാക്കി വരുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർ ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 15,74,49,336/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 13,17,71,897/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 22,864/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8,488/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 38,94,617/- |

## (ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 16,921/- | - | ശ്രീ.ഷാനവാസ് എ. , സെക്രട്ടറി |
| 2-5 | 723/- | - | ശ്രീ.ഷാനവാസ് എ. , സെക്രട്ടറി |
| 2-6 | 1,441/- | - | ശ്രീ.ഷാനവാസ് എ. , സെക്രട്ടറി |
| 2-8 | 203/- | - | ശ്രീ.ഷാനവാസ് എ. , സെക്രട്ടറി |
| 2-9 | 3,576/- | - | ശ്രീ.ഷാനവാസ് എ. , സെക്രട്ടറി |
| 3-2 | - | 6,000/- | ശ്രീമതി ശോഭകുമാരി, ഹെഡ് മിസ്ട്രസ് |
| 3-17 | - | 2,488/- | ശ്രീ. ജോൺ ഗോഡിക് ഗ്രീക്ക്, അസി.സെക്രട്ടറി |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 27,000/- | ശ്രീമതി റോസലിന്റ് ആർ, കൃഷി ഓഫീസർ |
| 3-3 | 9,00,000/- | ശ്രീമതി ശോഭകുമാരി, ഹെഡ് മിസ്ട്രസ് |
| 3-5 | 1,50,000/- | ശ്രീ. ദിനേഷ് എം.ജി, വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ |
| | 50000/- | ശ്രീ. ചന്ദ്രപ്പൻ, വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ |
| | | |

| | | |
|---|---|---|
| 3-13 | 23,03,617/- | ശ്രീ.ഷാനവാസ് എ. ,<br>സെക്രട്ടറി |
| 3-18 | 1,24,000/- | ഡോ. ബിന കണ്ടപ്പശ്ശേരി,<br>മെഡിക്കൽഓഫീസർ (ആയൂർവേദം) |
| 3-20 | 3,40,000/- | ശ്രീ. ജോൺ ഗോട്ടിക് ഗ്രീക്ക്,<br>അസി.സെക്രട്ടറി |
| **ആകെ** | **38,94,617/-** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

നഷ്ടം ഇല്ല.

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാനവാസ് എ. , സെക്രട്ടറി | സെക്രട്ടറി, തഴവ ഗ്രാമപഞ്ചായത്ത് | പൈവേലിൽ , ഇടക്കുളങ്ങര(പി.ഒ) കരുനാഗപ്പള്ളി |
| ശ്രീ. ജോൺ ഗോട്ടിക് ഗ്രീക്ക്, അസി.സെക്രട്ടറി | സെക്രട്ടറി, ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്, ഇടുക്കി | കോട്ടാർ ഭവൻ, എസ്.വി. മാർക്കറ്റ് പി.ഒ., തഴവ |
| ശ്രീമതി ശോഭകുമാരി, ഹെഡ്മിസ്ട്രസ്സ് | സർവ്വീസിൽ നിന്നു വിരമിച്ചു. | ശ്രുതി, പുള്ളിക്കണക്ക് പി.ഒ., കായംകുളം |
| ശ്രീമതി റോസലിന്റ് ആർ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, തഴവ ഗ്രാമപഞ്ചായത്ത് | ജെ.ആർ ഭവനം , കോളഞ്ചേരിൽ , |

| | | |
|---|---|---|
| | | കല്ലായം(പി.ഒ), തിരുവനന്തപുരം |
| ഡോ.ബിന കണ്ടപ്പശ്ശേരി, മെഡിക്കൽഓഫീസർ (ആയൂർവേദം) | മെഡിക്കൽഓഫീസർ, ആയൂർവേദ ഡിസ്പെൻസറി,തഴവ | എ.ആർ.എൻ.104, തെക്കേവിള, കൊല്ലം |
| ശ്രീ. ദിനേഷ് എം.ജി, വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ , തൂണേരി ബ്ളോക്ക്ഓഫീസ്, കോഴിക്കോട് | മണപ്പള്ളിൽ, ആദിനാട് സൗത്ത്, കാട്ടിൽ കടവ് പി.ഒ. |
| ശ്രീ. ചന്ദ്രപ്പൻ, വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ, തഴവ ഗ്രാമപഞ്ചായത്ത് | വി.സി.ഭവനം, തഴവ പി.ഒ. , തൊടിയൂർ |

## 4-10 തീർപ്പാക്കാൻ അവശേഷികുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.-കെ.എൽ.എം./പി 8/379(2)/2018,21/4/18 | 1 |
| 2002-2003 | കെ.എസ്.എ.-കെ.എൽ.എം./പി 8/379(6)/2018,21/4/18 | 1 |
| 2003-04 | കെ.എസ്.എ.-കെ.എൽ.എം./പി 8/379(7)/2018,21/4/18 | 11 |
| 2004-2005 | കെ.എസ്.എ.-കെ.എൽ.എം./പി 8/379(8)/2018,21/4/18 | 3 |
| 2005-2006 | കെ.എസ്.എ.-കെ.എൽ.എം./പി 8/379(9)/2018,21/4/18 | 4 |
| 2006- | കെ.എസ്.എ.-കെ.എൽ.എം./പി.8/725/19 തീ. 29.5.19 | 3 |

| | | |
|---|---|---|
| 2007 | | |
| 2007-2008 | കെ.എസ്.എ.-കെ.എൽ.എം./പി.8/725/19 തീ. 29.5.19 | 5 |
| 2008-2009 | കെ.എസ്.എ.-കെ.എൽ.എം./പി.8/725/19 തീ. 29.5.19 | 3 |
| 2009-2010 | കെ.എസ്.എ.-കെ.എൽ.എം./പി.8/725/19 തീ. 29.5.19 | 9 |
| 2010-2011& 2011-2012 | കെ.എസ്.എ.-കെ.എൽ.എം./പി.8/725/19 തീ. 29.5.19 | 3 |
| 2012-13 & 2013-2014 | കെ.എസ്.എ.-കെ.എൽ.എം./പി2-276/16 തീ.31-3-16 | 6 |
| 2014-2015 | കെ.എസ്.എ.-കെ.എൽ.എം./പി2-1010/16 തീ.2-7-16 | 19 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം./പി2-53/17 തീ.3-2-17 | 9 |
| 2016-17 | കെ.എസ്.എ.-കെ.എൽ.എം./പി8/1806/17 തീ 21-10-17 | 15 |
| 2017-18 | കെ.എസ്.എ.-കെ.എൽ.എം./പി8/1806/17 തീ 21-10-17 | 28 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

# അനുബന്ധം 2 പത്രികകൾ

## അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം :- കെ.എസ്.എ. - കെ എൽ. എം./പി .8/1017/19 തീയതി-05/09/19

## സാക്ഷ്യപത്രം 2018-19

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തഴവ ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

താഴെ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യ പത്രിക തഴവ ഗ്രാമ പഞ്ചായത്തിന്റെ 2018-19 ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

No.KSA.KLM-P8/1017/19 /2019 , Dated – 05/09/2019

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Thazhava Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Thazhava Grama Panchayath** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

District Audit Office, Kollam